# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.23
No.9
കാർത്തികപ്പള്ളി
R.No. 7361/02
2023
SEPTEMBER

RNI Reg.No.KERMAL/2002/7361 Postal Reg. No. KL/MVK/184/2021-23 Licence No. KL/CR/MVK/WPP-03/2021-23. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## വല്ലാത്തൊരു കോട്ട



123 മീറ്റർ ഉയരമുള്ള ഒരു പാറക്കെട്ട്... താഴെനിന്ന് നോക്കിയാൽ ഒറ്റനോട്ടത്തിൽ കാണാൻ കഴിയാത്ത ഒരു കോട്ട! നൂറ്റാണ്ടുകൾ പഴക്കം!

കോട്ടയുടെ ഒരുവശം മുഴുവൻ പാറ. താഴെ ഗുഹ, ബാക്കിയെല്ലാം മനുഷ്യർ നിർമ്മിച്ചതാണ്.

ഒരു മുത്തശ്ശിക്കഥയ്ക്കുവേണ്ട ചേരുവകളെല്ലാം സ്ലോവേനിയയിലെ പ്രഡ്ജാമ കോട്ടയ്ക്കുണ്ട്.

ലോകത്തിലെ ഏറ്റവും വലിയ ഗുഹാ കോട്ട എന്ന റെക്കോർഡ് ഇതിന്റെ പേരിലാണ്. തുർക്കിയെപ്പോലുള്ള ശത്രുക്കളെ പ്രതിരോധിക്കാൻ 1274-ലാണ് കോട്ട നിർമ്മിക്കപ്പെട്ടത്. പിന്നീട് ഭൂകമ്പത്തിൽ തകർന്ന കോട്ട 1570-ൽ പുതുക്കിപ്പണിതു.

മൂന്നു നിലകളും താഴെ ഗുഹയുമുള്ള കോട്ട ഇന്നൊരു വിനോദ സഞ്ചാര കേന്ദ്രമാണ്.

## പ്രിയപ്പെട്ട വിൽസൺ!



ആമസോൺ കാട്ടിൽ അകപ്പെട്ട കുട്ടികളെ തിരിച്ചുകിട്ടി. ലോകം മുഴുവൻ ആ വാർത്ത കേട്ട സന്തോഷത്തിലാണ്.

എന്നാൽ ഒരു സങ്കടം മാത്രം ബാക്കിയുണ്ട്. കുട്ടികളെ കണ്ടെത്താൻ സഹായിച്ചവരിൽ പ്രധാനിയായ വിൽസൺ എന്ന നായയെ കാണാനില്ല! ബെൽജിയം ഷെപ്പേഡ് ഇനത്തിൽപ്പെട്ട വിൽസൺ മണം പിടിക്കുന്നതിലും ബുദ്ധി ശക്തിയിലും മുമ്പിലായിരുന്നു.

കുട്ടികളെ കണ്ടെത്താനായി 16 ബെൽജിയൻ നായകളെയാണ് ആമസോൺ കാടിനുള്ളിലേക്ക് കൊളംബിയൻ സൈന്യം തുറന്നുവിട്ടത്. ഇവരിൽ ആദ്യം കുട്ടികളുടെ അടുത്തെത്തിയത് വിൽസൺ ആയിരുന്നു. വിൽസണിന്റെ കാൽപ്പാടുകൾ പിന്തുടർന്നാണ് ദൗത്യസംഘം കുട്ടികളുടെ അടുത്തേക്ക് എത്തിയത്. നാല് ദിവസം വിൽസൺ തങ്ങളുടെ കൂടെയുണ്ടായിരുന്നു എന്ന് രക്ഷപ്പെട്ട കുട്ടികൾ സൈന്യത്തോട് പറഞ്ഞു.

കുട്ടികളുടെ ജീവന്റെ അത്രയും തന്നെ പ്രാധാന്യം വിൽസണും ഉണ്ടെന്നും അവന് വേണ്ടി തിരച്ചിൽ തുടരുമെന്നും കൊളംബിയൻ സൈന്യം അറിയിച്ചിരിക്കുകയാണ്.

## സ്വത്ത് മുഴുവൻ പൂച്ചകൾക്ക്!

വളർത്തുമൃഗങ്ങളെ ജീവനു തുല്യം സ്നേഹിക്കുന്നവരെക്കുറിച്ചുള്ള കഥകൾ ഒരു പാട് കേട്ടിട്ടുണ്ടാകും. അവയിൽ പലതും അതിശയിപ്പിക്കുന്നതുമാകും. ഫ്ളോറിഡ സ്വദേശിയായ ഒരു വയോധിക പൂച്ച സ്നേഹം മൂത്ത് ചെയ്തത് എന്തെന്ന് അറിഞ്ഞാൽ ശരിക്കും അമ്പരക്കുകതന്നെ ചെയ്യും.

നാൻസി സോർ എന്ന എൺപത്തിനാലുകാരിയാണ് കഥയിലെ നായിക. പേർഷ്യൻ ഇനത്തിൽപ്പെട്ട ഏഴു വളർത്തു പൂച്ചകൾ അവർക്കുണ്ടായിരുന്നു. പൂച്ചകളോടാകട്ടെ പറഞ്ഞറിയിക്കാൻ പറ്റാത്ത ഇഷ്ടവും. വാർധക്യസഹജമായ അസുഖങ്ങളാൽ ബുദ്ധിമുട്ടിലായപ്പോഴും നാൻസിക്കു പൂച്ചകളുടെ കാര്യത്തിലായിരുന്നു ഉത്കണ്ഠ മുഴുവൻ. താൻ മരിച്ചാൽ തന്റെ വളർത്തു പൂച്ചകൾക്ക് ആരുണ്ട് എന്ന ചിന്ത അവരെ ആകുലചിത്തയാക്കി. പിന്നെ ഒട്ടും മടിച്ചില്ല, തന്റെ പേരിലുണ്ടായിരുന്ന 2.4 കോടി രൂപയുടെ സ്വത്ത് ഏഴ് വളർത്തു പൂച്ചകളുടെ പേരിൽ അവർ എഴുതി വച്ചു.





കഴിഞ്ഞ നവംബറിൽ നാൻസി മരിച്ചു. അവരുടെ മരണത്തോടെ കോടികളുടെ സ്വത്ത് പൂച്ചകളുടെ സ്വന്തമായി. മിഡ്നൈറ്റ്, സ്നോബോൾ, ഗോൾഡ് ഫിംഗർ, ലിയോ, സീക്കി, ക്ലിയോപാട്ര, നെപ്പോളിയൻ എന്നീ പൂച്ചകളാണ് സ്വത്തിന്റെ ഉടമകൾ. വലിയ സ്വത്തുണ്ടെങ്കിലും ഇവയെ ഇനി ആരു നോക്കും എന്നതാണ് ഇപ്പോഴത്തെ പ്രശ്നം. ഫ്ളോറിഡയിൽ തന്നെയുള്ള ഒരു സന്നദ്ധസംഘടനയാണ് നിലവിൽ പൂച്ചകളുടെ കാര്യങ്ങൾ നോക്കുന്നതെന്നു ടൈംസ് നൗ റിപ്പോർട്ട് ചെയ്യുന്നു.

## ഫ്ളോട്ടിങ് ഗോൾഡ്!

കഴിഞ്ഞ മാസം കാനറി ദ്വീപുകളിലെ ലാ പാൽമയിൽ നോഗൽസ് ബീച്ചിൽ കണ്ടെത്തിയ ചത്ത സ്പേം തിമിംഗലത്തിന്റെ വയറ്റിൽ രണ്ടു കോടി വിലമതിക്കുന്ന 'ഫ്ളോട്ടിങ് ഗോൾഡ്' ശേഖരം. പെർഫ്യൂം വ്യവസായത്തിന് ഉപയോഗിക്കുന്ന ആംബർഗ്രിസ് ആണ് കണ്ടെത്തിയത്. തിമിംഗലം പെട്ടെന്നു ചത്തതിന്റെ കാരണമറിയാൻ ലാസ് പാൽമാസ് സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് ഫുഡ് സെക്യൂരിറ്റി മേധാവി അന്റോണിയോ ഫെർണാണ്ടസ് റോഡ്രിഗസ് നടത്തിയ പരിശോധനയിലാണ് ആംബർഗ്രിസ് ശേഖരം കണ്ടെടുത്തത്. ഇതിന്റെ ഏകദേശം 20 പൗണ്ട് കഷണം വൻകുടലിൽ കെട്ടിക്കിടന്നതും അത് സൃഷ്ടിച്ച മുറിവുമാണു തിമിംഗലം ചാകാൻ കാരണമെന്നാണ് ലാസ് പാൽമാസ് ഡിഗ്രാൻ





കാനേറിയ സർവകലാശാലയിലെ വിദഗ്ധർ പറയുന്നത്. സ്പേം തിമിംഗലങ്ങളുടെ ദഹനവ്യവസ്ഥയിൽ ഉത്പാദിപ്പിക്കുന്ന പദാർഥമാണ് ആംബർഗ്രിസ്. നൂറിൽ ഒന്നിൽ മാത്രമേ ഇവ കാണപ്പെടൂ. പെർഫ്യൂം ഉൽപ്പന്നങ്ങളുടെ മണം കൂടുതൽ നേരം നിലനിർത്താൻ ഈ പദാർഥം ഉപയോഗിക്കുന്നു. അതു കൊണ്ടുതന്നെ ഫ്ളോട്ടിങ് ഗോൾഡ്, കടലിന്റെ നിധി എന്നീ പേരുകളിലാണ് ഇത് അറിയപ്പെടുന്നത്.

## ദക്ഷിണ കൊറിയക്കാരുടെ പ്രായം ഇനി 2 വയസുവരെ കുറയും!

ദക്ഷിണ കൊറിയക്കാരുടെ പ്രായം ഇനി രണ്ട് വയസുവരെ കുറയും. പ്രായം കണക്കാക്കുന്നതിൽ ഇതുവരെ ഉപയോഗിച്ചിരുന്ന പരമ്പരാഗത രീതി ഉപേക്ഷിച്ച് ലോകമെമ്പാടുള്ള പൊതുരീതി ദക്ഷിണ കൊറിയ സ്വീകരിക്കുന്നതോടെയാണു കൗതുകകരമായ ഈ വ്യത്യാസം.

ഇതുവരെ പിന്തുടർന്ന രീതിയനുസരിച്ച് ജനിച്ചു വീഴുന്ന കുഞ്ഞിന് ഒരു വയസാണ് പ്രായം. അടുത്ത ജനുവരി ഒന്നിന് അടുത്ത വയസ് തികയും. ഡിസംബർ 31-നാണ് കുഞ്ഞ് ജനിക്കുന്നതെങ്കിൽ പിറ്റേദിവസമായ ജനുവരി ഒന്നിന് കുഞ്ഞിന് രണ്ടു വയസാകും. എന്നാൽ, പൊതു രീതി സ്വീകരിക്കുമ്പോൾ ജനനസമയത്ത് പൂജ്യം വയസും ആദ്യത്തെ ജന്മദിനത്തിൽ ഒരു വയസും എന്ന രീതിയിലേക്ക് കൊറിയയും മാറും. ഇതോടെ എല്ലാ കൊറിയക്കാരുടേയും പ്രായം രണ്ട് വയസ് വരെ കുറയും. പ്രായം കണക്കാക്കുന്നതിനുള്ള വ്യത്യസ്ത രീതികൾ മൂലമുള്ള നിയമപരവും സാമൂഹികവുമായ തർക്കങ്ങളും ആ




ശയക്കുഴപ്പങ്ങളും ഒഴിവാക്കാനും അനാവശ്യ സാമൂഹിക സാമ്പത്തിക ചെലവുകൾ കുറയ്ക്കാനുമാണ് പരിഷ്കരണം കൊണ്ട് ലക്ഷ്യമിടുന്നത്.

## പിസയുടെ പൂർവ്വികൻ

ഒരു പിസയുടെ ചിത്രവും വിശേഷങ്ങളുമാണ് സോഷ്യൽ മീഡിയയിൽ ഇപ്പോൾ നിറഞ്ഞുനിൽക്കുന്നത്. പുരാതന റോമൻ നഗരമായ പോംപൈയിൽ നിന്നു പുരാവസ്തുഗവേഷകർ കണ്ടെത്തിയ ജലഛായാ ചിത്രത്തിൽ ന്യൂജൻമാരുടെ ഇഷ്ടവിഭവമായ പിസയുടെ പൂർവികനെ കണ്ടെത്തിയെന്നാണു വാർത്ത.

വെള്ളിത്തളികയിൽ വീഞ്ഞും പഴങ്ങളും പിസ പോലെ തോന്നിക്കുന്ന ഭക്ഷണപദാർഥവുമാണ് ജലഛായാചിത്രത്തിലുള്ളത്. 2,000 വർഷമാണ് പെയിന്റിംഗിനു കണക്കാക്കുന്ന പഴക്കം.

പോംപൈയിൽ നടത്തിയ ഉത്ഖനനങ്ങളിലാണു ചിത്രം കണ്ടെത്തിയത്. ഏതോ പുരാതന പോംപിയൻ വീടിന്റെ



ചുമർ അലങ്കരിച്ചിരുന്നതാണ് ഈ പെയിന്റിംഗ് എന്നു കരുതുന്നു. ചിത്രത്തിൽ ഒരു വെള്ളിത്തളികയിൽ ഒരു വൈൻ കപ്പ്, വിവിധ പഴങ്ങൾ. സുഗന്ധവ്യഞ്ജനങ്ങൾ, ഉണക്കിയ പഴങ്ങൾ, മഞ്ഞ സ്ട്രോബെറികൾ എന്നിവയ്ക്കൊപ്പമാണ് പിസ എന്നു കരുതുന്ന വിഭവം.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# വിശ്വാസാനുസരണം



അനുസരണത്തിന് പകരം വയ്ക്കാൻ ഒന്നേയുള്ളൂ – അനുസരണം മാത്രം. പക്ഷേ ഇന്നു ക്രിസ്തീയഗോളത്തിൽ പലരും കരുതുന്നത് വിശ്വാസത്തെ, അനുസരണത്തിനു പകരം വയ്ക്കാമെന്നാണ്.

ദൈവവചനത്തിൽ നാം വിശ്വസിക്കേണ്ട സത്യങ്ങളുണ്ട്; അനുസരിക്കേണ്ട കല്പനകളുമുണ്ട്. വിശ്വസിക്കുന്നതു താരതമ്യേന എളുപ്പമാണ്. എന്നാൽ അനുസരിക്കുന്നത് അല്പം ബുദ്ധിമുട്ടാണ്. കാരണം, അതിനൊരു വില കൊടുക്കേണ്ടതുണ്ട്. ഉദാഹരണത്തിന് 'യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു' എന്ന സത്യം വിശ്വസിക്കുന്നതിനു പലർക്കും പ്രയാസമില്ല. എന്നാൽ 'അതുകൊണ്ട് ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചുയിർത്തവനായിട്ടു ജീവിക്കണം' എന്ന കല്പനയുടെ കാര്യം വരുമ്പോഴോ? അത് അനുസരിക്കുന്നത് എളുപ്പമല്ല. അതുകൊണ്ടു പലരും അനുസരണത്തെ അവഗണിക്കുന്നു. വിശ്വാസം മതി എന്നു വയ്ക്കുന്നു. 'വിശ്വാസം രക്ഷിച്ചുകൊള്ളും' എന്നാണവരുടെ സമാധാനം.

'വിശ്വാസത്തിന് അനുസരണം വരുത്തുക' എന്നൊരു പ്രയോഗം റോമാ ലേഖനത്തിൽ നാം കാണുന്നു. (റോമർ 1:6, 16:24). അതായതു വിശ്വാസത്തെ അനുസരണത്തിലേക്കു നയിക്കുക. പൗലൊസ് പറയുന്നത് വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിനാണു താൻ കൃപയും അപ്പോസ്തലത്വവും പ്രാപിച്ചതെന്നാണ്. വിശ്വാസത്തിന് അനുസരണം വരുത്തുവാനും ശിഷ്യരെ ഉണ്ടാക്കുവാനുമുള്ള ഒരു നിയോഗം. സത്യത്തിൽ ഈ ശുശ്രൂഷയല്ലേ ഇന്നത്തെ ആവശ്യകത?

അനുസരണത്തെ ഒഴിവാക്കുവാൻ വിശ്വാസി എന്തും ചെയ്യും എന്നതാണ് ഇന്നത്തെ അവസ്ഥ. ഉദാഹരണത്തിന് ഇന്നത്തെ പ്രാർത്ഥനകളും ഉപവാസങ്ങളും ശ്രദ്ധിക്കുക. പ്രാർത്ഥന ദൈവം കേൾക്കാൻ ഒന്നാമതു വേണ്ടതു ശുദ്ധമായ ഒരു മനഃസാക്ഷിയും നിർമലമായ ഒരു ഹൃദയവുമാണ്. പക്ഷേ അതു നേടുന്നതിനു ദൈവവചനപ്രകാരം തെറ്റുകൾ തിരുത്തുകയും ജീവിതത്തെ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ അനുസരണത്തിന്റെ ആ പ്രവൃത്തി ചെയ്യുവാൻ മാത്രം മനസ്സില്ല. എന്നാൽ ദൈവത്തെ നമുക്കു കബളിപ്പിക്കാനാവില്ല (ഗലാത്യർ 6:7). അവിടുന്നു നമ്മുടെ ഏതു വഴിപാടും – അതു പ്രാർത്ഥനയോ, സ്തുതിയോ, ആരാധനയോ, സ്തോത്ര കാഴ്ചയോ എന്തായാലും സ്വീകരിക്കുന്നതിനു മുൻപ് നമ്മുടെ ഹൃദയനിലയെയാണു കണക്കിലെടുക്കുന്നത്.



ദൈവത്തിന് ആദ്യമായി വഴിപാട് അർപ്പിച്ചതു കയീനും ഹാബേലും ആയിരുന്നു. അന്നു മുതൽ ഇന്നുവരെ ദൈവം വഴിപാടിൽ പ്രസാദിക്കുന്നതിനു മുൻപ് അത് അർപ്പിക്കുന്നവന്റെ മനോഭാവത്തെയും ഹൃദയനിലയെയും ശ്രദ്ധിക്കുന്നു. ഇക്കാര്യത്തിൽ അവിടുത്തേക്കു മുഖപക്ഷമില്ല. അവിടുത്തെ നിയമങ്ങൾക്കു മാറ്റവുമില്ല.

കയീനും ഹാബേലും-ആദിമ മാതാപിതാക്കൾക്കു ജനിച്ച സന്താനങ്ങൾ. ഇരുവർക്കും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു തുല്യഅവസരം ഉണ്ടായിരുന്നു. എന്നാൽ ദൈവം ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല.

എന്തുകൊണ്ട്? ഹാബേൽ രക്തച്ചൊരിച്ചിലുള്ള യാഗം കഴിച്ചതുകൊണ്ടാണ് ഹാബേലിന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചത്. കയീൻ രക്തച്ചൊരിച്ചിലുള്ള യാഗം കഴിച്ചില്ല. അതുകൊണ്ട് അവന്റെ വഴിപാടു ദൈവത്തിന് പ്രസാദകരമാകാതെ പോയി ഇതാണ് സുവിശേഷവിഹിത സഭകളിൽ നാം സാധാരണ കേൾക്കാറുള്ള വിശദീകരണം. പക്ഷേ ഈ വാദഗതിയിൽ ഒരു വഞ്ചനയില്ലേ? ഇതു ശരിയാണെങ്കിൽ വ്യക്തിയെക്കാൾ പ്രധാനം വഴിപാടാണെന്നു വരും. ആരാധകന്റെ മനോഭാവവും ഹൃദയനിലയും എങ്ങനെയായിരുന്നാലും പ്രശ്നമില്ല, അവന്റെ ആരാധനയിലാണു ദൈവം പ്രസാദിക്കുന്നതെന്നു ചിന്തിക്കേണ്ടിവരും.

വാസ്തവത്തിൽ ഹാബേലിന്റെയും കയീന്റെയും കാര്യത്തിൽ രക്തച്ചൊരിച്ചിലായിരുന്നോ പ്രശ്നം? ദൈവവചനം ശ്രദ്ധയോടെ വായിച്ചാൽ അല്ല എന്നു വ്യക്തമാകും. കാരണം, അവർ അവരുടെ പാപങ്ങൾക്കുവേണ്ടി യാഗം (Sacrifice) കഴിക്കുകയായിരുന്നില്ല. അവർ ദൈവത്തിന് വഴിപാട് (Offering) അർപ്പിക്കയായിരുന്നു. (ഉല്പത്തി 4:3,4) വഴിപാടിനു രക്തച്ചൊരിച്ചിൽ വേണമെന്നു നിർബന്ധമില്ല. മോശയുടെ കർക്കശമായ നിയമങ്ങളിൽ പോലും കൃഷിഫലങ്ങൾ വഴിപാടായി അർപ്പിക്കാമെന്നു പറഞ്ഞിട്ടുണ്ട് (ആവർത്തനം 26:1–11), അപ്പോൾ കയീന് ദൈവപ്രസാദം ലഭിക്കാതെ പോയതിനു കാരണം കൃഷിഫലം അർപ്പിച്ചതല്ലെന്നു വ്യക്തം. അങ്ങനെയെങ്കിൽ മറ്റെന്താണു കാരണം? വഴിപാടിനെക്കാൾ അത് അർപ്പിച്ച വ്യക്തിയെയാണു ദൈവം നോക്കിയതെന്നതിന് ആ ഭാഗത്തു തന്നെ സൂചനയുണ്ട്. 'ഹാബലിലും അവന്റെ വഴിപാടിലും' 'കയീനിലും അവന്റെ വഴിപാടിലും' എന്നുള്ള പദപ്രയോഗങ്ങൾ ശ്രദ്ധിക്കുക. (ഉൽപത്തി 4:4,5).

കയീനിനെയും ഹാബേലിനേയും ദൈവം വീക്ഷിച്ചപ്പോൾ ഹാബേൽ നീതിമാനും സ്വന്തം അപര്യാപ്തതയെക്കുറിച്ചുള്ള ബോധ്യത്തോടെ ലളിതമായ വിശ്വാസത്തിൽ ദൈവത്തിൽ ആശ്രയിക്കുന്നവനുമായി അവനെ കണ്ടു (എബ്രായർ 11:4). മറിച്ച് കയീൻ ദുഷ്ടനും നന്മ ചെയ്യാൻ കഴിയുമായിരുന്നിട്ടും അതുചെയ്യാത്തവനുമായിരുന്നു (1 യോഹന്നാൻ 3:12, ഉൽപത്തി 4:7). ഫലം ഹാബേലിൽ ദൈവം പ്രസാദിച്ചു. കയീനിൽ പ്രസാദിച്ചില്ല.

ഇന്ന് ആരാധകനെക്കാൾ ആരാധനയ്ക്കാണ് ഊന്നൽ. എന്നാൽ ആരാധനയെന്ന പേരിൽ നാം നടത്തുന്ന 'പ്രകടന' ത്തെക്കാൾ നമ്മെയാണു ദൈവം ശ്രദ്ധിക്കുന്നതെന്ന് നാം തിരിച്ചറിയുന്നുണ്ടോ?



# പൂർണ്ണതയിലേക്ക് മുന്നേറുക



'..എനിക്കു കിട്ടിക്കഴിഞ്ഞുവെന്നോ ഞാൻ പരിപൂർണ്ണനായെന്നോ അർത്ഥമില്ല. ക്രിസ്തുയേശു എന്നെ എന്തിനായി പിടിച്ചുവോ അതു തന്നെ എനിക്കും പിടിക്കാമോ എന്നുവച്ചു ഞാൻ പൂർണ്ണതയിലേക്ക് മുന്നേറുകയാണ്' (ഫിലിപ്യർ 3:12 NASB).

പൗലൊസിന്റെ പ്രസിദ്ധമായ വാക്കുകൾ!

'പൂർണത'യെന്ന പ്രയോഗം ഇന്നു പലരേയും എന്നപോലെ പൗലൊസിനെ ഭയപ്പെടുത്തുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചു ക്രിസ്തീയ ജീവിതം മൊത്തത്തിൽ പൂർണ്ണതയിലേക്കുള്ള മുന്നേറലാണ് (Pressing on to Perfection) ക്രിസ്തുയേശു എന്തുദ്ദേശ്യത്തോടെ തന്നെ പിടിച്ചുവോ ആ ലക്ഷ്യം തനിക്കും കൈപ്പിടിയിലൊതുക്കാൻ കഴിയുക എന്നതാണ് പൗലൊസിനെ സംബന്ധിച്ചു പൂർണ്ണത. ആ ലാക്കിലേക്ക് ഓരോ നാൾ കഴിയുന്തോറും ഓരോ ചുവടുകൂടി അടുത്തുചെല്ലുന്നതാണു ഉന്നതവിളിയുടെ വിരുതിലേക്കുള്ള ഓട്ടം. തുടർന്ന് 'നമ്മിൽ തികഞ്ഞവർക്കൊക്കെ (Perfect) ഈ മനോഭാവം ഉണ്ടായിരിക്കട്ടെ' (3:14) എന്നും പൗലൊസ് പറയുന്നു. പൂർണ്ണതയിലേക്ക് മുന്നേറുന്ന താനുൾപ്പെടെയുള്ളവരെയാണു തികഞ്ഞവർ' (Perfect) എന്നു പൗലൊസ് ഇവിടെ വിശേഷിപ്പിക്കുന്നത്.

പൗലൊസിന്റെ ഈ ചിന്തയുടെ വെളിച്ചത്തിൽ നോക്കിയാൽ ക്രിസ്തുയേശു നമ്മെ എന്തുദ്ദേശ്യത്തോടെ പിടികൂടിയോ ആ ലക്ഷ്യം ജീവിതം കൊണ്ട് നാമും പിടിക്കുക ഇതാണു നമ്മെക്കുറിച്ചുള്ള ദൈവഹിതത്തിന്റെ പൂർണ്ണത. ഈ പ്രവത്തിയിൽ ഏർപ്പെട്ടിരിക്കുന്നതാണു ജീവിതസാക്ഷാത്ക്കാരം.

പലരും കരുതുന്നത് ദൈവത്തിനുവേണ്ടി ചിലതു പ്രവർത്തിക്കുവാൻ വേണ്ടിയാണു ദൈവം നമ്മെ പിടിച്ചിരിക്കുന്നതെന്നാണ്. എന്നാൽ നമ്മുടെ പ്രവൃത്തികൾക്കപ്പുറത്തു നമ്മുടെ ജീവിതത്തെ തന്നെയാണു ദൈവം ഉന്നംവച്ചിരിക്കുന്നത്. എന്തു ചെയ്യുന്നു' എന്നതിനേക്കാൾ "എങ്ങനെ ചെയ്യുന്നു'' എന്നതാണു ദൈവത്തിനു പ്രധാനം. നാം എന്തു സന്ദേശം പറയുന്നു എന്നതിനേക്കാൾ നമ്മുടെ ജീവിതം നൽകുന്ന സന്ദേശം എന്താണെന്നു ദൈവം നോക്കുന്നു.



അതേ, ദൈവത്തിന് ഈ തലമുറയിൽ വേണ്ടത് നിർദ്ദോഷരും നിഷ്ക്കളങ്കരുമായ മക്കളെയാണ്. എല്ലാ പിറുപിറുപ്പം വാദവും കൂടാതെ ചെയ്ത് തങ്ങളുടെ ജീവിതത്തിൽ നിന്നുള്ള സന്ദേശം ഈ തലമുറയ്ക്ക് നൽകുന്നവർ. ദൈവത്തിനായി ചില പ്രവൃത്തികൾ കാഴ്ചവയ്ക്കുന്നതിനപ്പുറത്ത് ജീവിതം തന്നെ ദൈവത്തിനു കാഴ്ചവയ്ക്കുന്നവർ ഇവരാണ് ആകാശത്തിലെ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നത്.

ദൈവത്തോടുള്ള സമ്പൂർണമായ സ്നേഹത്തിലേ, ഈ മട്ടിൽ ജീവിതം പൂർണ്ണമായി ദൈവത്തിനായി നൽകുവാൻ കഴുയുകയുള്ളൂ. അതുകൊണ്ടാണ് ദൈവം ഒരുവനിൽ നിന്ന് ഒന്നാമതായി പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെയുള്ള സ്നേഹം ആവശ്യപ്പെടുന്നത്. (മത്തായി 22:37).

ഈ ഉദാത്തമായ സ്നേഹം പത്രോസിൽ നിന്ന് ഒരിക്കൽ യേശു ആവശ്യപ്പെട്ട രംഗം ശ്രദ്ധിക്കുക: 'യോഹന്നാന്റെ മകനായ ശിമോനേ നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?' എന്നു ചോദിച്ചപ്പോൾ യേശു പത്രോസിൽ നിന്ന് സ്നേഹത്തിന്റെ ഏറ്റവും ഉയർന്ന അളവാണ് (Agape love) ആവശ്യപ്പെട്ടത്. എന്നാൽ പത്രോസ് തന്റെ ഹൃദയത്തിലേക്ക് നോക്കിയ ശേഷം സത്യസന്ധമായി മറുപടി നൽകി: 'ഇല്ല കർത്താവേ, എനിക്ക് ആ നിലയിലുള്ള ഏറ്റവും ഉന്നതമായ സ്നേഹമില്ല. അതിന് ഒരു പടി താഴെ നില്ക്കുന്ന പ്രിയമേ എനിക്കുള്ളൂ. രണ്ടാമതും യേശു യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ' എന്നു ചോദിച്ച് അവനെ ഉദാത്തമായ സ്നേഹത്തിലേക്കു കയറിവരുവാൻ ഉത്സാഹിപ്പിക്കുകയാണ്. മൂന്നാമത് പത്രോസിന്റെ സ്നേഹത്തിന്റെ അളവിലേക്ക് ഇറങ്ങിച്ചെന്ന് നിനക്ക് എന്നോടു പ്രിയമുണ്ടോ?' എന്നാണു യേശുവിന്റെ ചോദ്യം (യോഹന്നാൻ 21:16–17). ഈ ഭാഗം ശ്രദ്ധിച്ചുവായിച്ചാൽ സ്നേഹത്തിന്റെ തലത്തിൽ മുന്നോട്ട് ആയുവാനാണ് പത്രോസിനെ യേശു ഓരോ ഘട്ടത്തിലും ഉത്സാഹിപ്പിച്ചതെന്നു കാണാം.

പരിശോധനകളുടെ മധ്യത്തിൽ പതറിപ്പോകാത്ത, തന്നോടുള്ള അചഞ്ചലവും ഉദാത്തവുമായ, സ്നേഹം ലക്ഷ്യമാക്കിയാണ് പത്രോസിനെ യേശു പിടിച്ചത്. ആ ലക്ഷ്യം തന്നെ പത്രോസും പിടിക്കണം അതായിരുന്നു യേശുവിന്റെ ആഗ്രഹം. ആ ദൈവഹിതത്തിന്റെ പൂർണ്ണതയിലേക്ക് ആയുവാൻ, മുന്നേറിവരുവാൻ, പത്രോസിനെ ആഹ്വാനം ചെയ്തശേഷമാണ് 'എന്റെ ആടുകളെ മേയ്ക്ക' എന്ന ദൗത്യം യേശു നൽകുന്നത് എന്നതും ശ്രദ്ധേയമാണ്.

ജീവിതമാണു ശുശ്രൂഷയെക്കാൾ പ്രധാനം. ഉദാത്തമായ സ്നേഹത്തോടെ അർപ്പിക്കപ്പെട്ട ജീവിതത്തിൽ നിന്നുത്ഭവിക്കുന്നതാകണം പ്രവൃത്തി. ജീവിതത്തിൽ നിന്നുള്ള സ്നേഹത്തിന്റെ സ്വാഭാവികമായ കവിഞ്ഞൊഴുക്കാകണം ശുശ്രൂഷ.

യേശു എന്തിനായി നമ്മെ പിടിച്ചിരിക്കുന്നുവോ അതുതന്നെ നമുക്കും പിടിക്കണം. സ്നേഹത്തിൽ മുന്നോട്ട് ആയുന്ന വഴിയിലാണ് അതു സംഭവിക്കുന്നത്.




# കാക്കയും പരുന്തും



**താ**ഴെ ഒരു കഷണം ഇറച്ചി കിടക്കുന്നത് കണ്ട്, ഒരു കാക്ക അത് കൊത്തിയെടുത്ത് പറന്നു. പെട്ടെന്നാണ് കാക്ക അക്കാര്യം ശ്രദ്ധിച്ചത്. തന്നെ കൊത്താൻ പിന്നാലെ ഒരു പരുന്ത് വരുന്നുണ്ട്. അവൻ വേഗത്തിൽ ഉയർന്ന് പറക്കാൻ തുടങ്ങി.

അപ്പോഴതാ പല വഴിക്കുനിന്ന് വേറെയും പരുന്തുകൾ കാക്കയെ ആക്രമിക്കാൻ പറന്നുവരാൻ തുടങ്ങി. കാക്കയ്ക്ക് പേടിയായി. അത് ഇറച്ചിക്കഷണവുമായി കഴിയുന്നത്ര വേഗത്തിൽ പറന്നു.

അപ്പോഴാണ് കാക്ക മറ്റൊരു പക്ഷിയെ കണ്ടത്. പക്ഷി കാക്കയോട് ചോദിച്ചു: "ചങ്ങാതീ, എന്താ നിനക്കൊരു പരിഭ്രമം? കണ്ടിട്ട് ആകെ പേടിച്ചപോലുണ്ടല്ലോ.

"എന്നെ ആക്രമിക്കാനായി കുറെ പരുന്തുകൾ പിന്നാലെ വരുന്നുണ്ട്", ഇറച്ചി കൊക്കിൽ വെച്ച് അവ്യക്തമായി കാക്ക പറഞ്ഞൊപ്പിച്ചു.

ഇതുകേട്ട് ചിരിച്ചിട്ട് പക്ഷി പറഞ്ഞു: "എടോ, അത് തന്നെ ആക്രമിക്കാനൊന്നും വരുന്നതല്ല. നിന്റെ കൈയിലുള്ള ഇറച്ചിക്കഷണം റാഞ്ചാൻ വരുന്നതാ. അത് നീ താഴേക്കിട്ടാൽ തീരാവുന്ന പ്രശ്നമേയുള്ളൂ." എന്നാൽ, ഇതുകേട്ട് കാക്ക വഴങ്ങിയില്ല. പക്ഷിക്ക് ഇറച്ചി കിട്ടാത്ത അസൂയകൊണ്ട് പറയുന്നതാണെന്നാണ് കാക്ക കരുതിയത്.

അവൻ പിന്നെയും ഇറച്ചിയുമായി പറന്നു. പരുന്തുകൾ പിന്നാലെയും. അവ തന്റെ അടുത്തെത്താറായി. കാക്ക സർവശക്തിയുമെടുത്ത് പറക്കുകയാണ്. ഒടുവിൽ പക്ഷി പറഞ്ഞതുപോലെ, കാക്ക തന്റെ കൊക്കിലിരുന്ന ഇറച്ചിക്കഷണം താഴേക്കിട്ടു.

ഉടൻ തന്നെ എല്ലാ പരുന്തുകളും ഇറച്ചിക്കഷണത്തിന് പിന്നാലെ താഴേക്ക് പറന്നു. തന്നെയല്ല പരുന്തുകൾ ആക്രമിക്കാൻ വന്നതല്ലെന്നറിഞ്ഞപ്പോൾ, കാക്കയ്ക്ക് വലിയ ആശ്വാസം തോന്നി. അത് സമാധാനത്തോടെ ഒരു മരച്ചില്ലയിൽ ചെന്നിരുന്നു.

അപ്പോൾ, നേരത്തേ കണ്ട പക്ഷി അവന്റെ അടുത്ത് പറന്നുവന്നിരുന്നിട്ട് പറഞ്ഞു: "നീ കടിച്ചുപിടിച്ചിരുന്ന ഇറച്ചിപോലെയാണ് ജീവിതത്തിലെ പല കാര്യങ്ങളും. നമുക്ക് സങ്കടങ്ങളും കഷ്ടപ്പാടുമൊക്കെ സമ്മാനിക്കുന്ന പല പ്രശ്നങ്ങളും നമ്മൾ കൊണ്ടുനടക്കുന്നുണ്ടാവും. ആരൊക്കെ പറഞ്ഞാലും അതൊന്നും വിട്ടുകളയാൻ പലരും തയ്യാറാവുകയില്ല. എന്നാൽ, അതൊക്കെ വിട്ടുകളഞ്ഞാൽ തീരാവുന്നതേയുള്ളൂ ഏത് പ്രശ്നവും.

പക്ഷി പറഞ്ഞതുകേട്ട് കാക്ക തല കുനിച്ചിരുന്നു

# ബ്രിട്ടീഷ് ഇംഗ്ലീഷ് | ഇന്ത്യൻ ഇംഗ്ലീഷ്

**അ**മേരിക്കയും ബ്രിട്ടനും കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ പേർ ഇംഗ്ലിഷ് ഉപയോഗിക്കുന്ന രാജ്യം ഇന്ത്യയാണ്. ലോകത്ത് ഏറ്റവും കൂടുതൽ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇംഗ്ലിഷിൽ പുറത്തിറക്കുന്ന രാജ്യങ്ങളിലും മൂന്നാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. എന്നാൽ, ലോകത്ത് ഏറ്റവും കൂടുതൽ ഇംഗ്ലിഷ് മീഡിയം സ്കൂളുകളുള്ള രാജ്യം എന്ന നിലയിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്!

ഇന്ത്യയിൽ ഉപയോഗിക്കുന്ന ഇംഗ്ലിഷിന് ബ്രിട്ടനിലും അമേരിക്കയിലും ഉപയോഗിക്കുന്ന ഇംഗ്ലിഷിൽ നിന്നു ചില വ്യത്യാസങ്ങളുണ്ട്.

What is your good name? ഒരാളുടെ പേരെന്താണെന്നു ചോദിക്കുന്നതിന് പണ്ടൊക്കെ What is your name? എന്നാണ് ചോദിച്ചിരുന്നത്. എന്നാൽ ഇക്കാലത്ത് പൊതുവെ ചോദിക്കുന്നത് What is your good name? എന്നാണ്. ഹിന്ദിയിലെ തുമാരാ ശുഭ് നാം ക്യാ ഹേ?' എന്ന പ്രയോഗത്തിൽ നിന്നാണ്. What is your good name? ജനിച്ചത്.

ഇങ്ങനെ ചോദിച്ചാൽ അതിൽ വിനയവും ബഹുമാനവും അടങ്ങിയിട്ടുണ്ടെന്നാണ് നമ്മൾ ധരിച്ചിരിക്കുന്നത്. പക്ഷേ, ഇതിൽ ഒരു കുഴപ്പമുണ്ട്. ഒരാളോട് അയാളുടെ good name ആണ് അറിയേണ്ടതെന്ന് പറയുമ്പോൾ അയാൾക്കൊരു bad name കൂടിയുണ്ടെന്നും അർഥമില്ലേ? ഇംഗ്ലിഷുകാർ ഇങ്ങനെ ചോദിക്കാറില്ല. അതിനാൽ What is your name? എന്നുമാത്രമേ അവർ ചോദിക്കുകയുള്ളൂ.

വിനയത്തോടെ ചോദിക്കണമെങ്കിൽ ഇങ്ങനെയെല്ലാം ചോദിക്കാം: May I know your name?, Could you please tell me your name?, I was wondering if you could tell me your name, Would you mind telling me your name?

എന്നാൽ 'സൽപ്പേര്' എന്ന അർത്ഥത്തിൽ good name ഉപയോഗിക്കാം. His bad behaviour has tarnished the good name of the school (അവന്റെ മോശം പെരുമാറ്റം സ്കൂളിന്റെ സൽപ്പേരിന് കളങ്കമുണ്ടാക്കി).


ഇതുപോലെതന്നെ bad name (ദുഷ്പ്പേര്) എന്ന വാക്കും ഉപയോഗിക്കാം: The restaurant got a bad name for slow service (മന്ദഗതിയിൽ ഭക്ഷണമെത്തിക്കുന്നതിനാൽ ആ റസ്റ്ററന്റിന് ദുഷ്പേരുണ്ടായി).

ഒരാൾ പേര് ചോദിച്ചാൽ I am......., My name is..... എന്നിങ്ങനെയാണ് നാം മറുപടി പറയാറ്. എന്നാൽ ഇങ്ങനെ നീട്ടിപ്പറയേണ്ട ആവശ്യമില്ല! പേര് മാത്രം പറഞ്ഞാൽ മതി.

Where are you coming from? എന്ന് ചോദിച്ചാൽ I am coming from my college എന്ന് പറയേണ്ടതില്ല. From college എന്നു മതി.

സംസാരത്തിൽ What is your name? എന്നതിനു പകരം What's your name? എന്നാണ് സാധാരണ ഉപയോഗിക്കുക. എഴുത്തിൽ What is your name? ന്നുപയോഗിക്കാം. അതായത്, സംസാരത്തിൽ വാക്കുകൾ ചുരുക്കാവുന്നിടത്ത് ചുരുക്കി പറഞ്ഞാൽ മതി.

# വിചിത്രമായ ചികിത്സ



**ക**ടലാസിൽ കാര്യമായെന്തോ എഴുതുകയാണ് ഒരാൾ. മലേറിയ ബാധിച്ച രോഗിയാണ്. പൊള്ളുന്ന പനിയുണ്ട് അയാൾക്ക്. നല്ല വിറയലും.

ചുരുട്ടിയെറിഞ്ഞ കടലാസുകൾ അടുത്ത് കിടക്കുന്നുണ്ട്. കടലാസുകളിൽ എല്ലാം ഒരൊറ്റ വാക്കു മാത്രമേ ഉണ്ടായിരുന്നുള്ളു– 'അബ്ര കടബ്ര!' മലേറിയയ്ക്കുള്ള 'മരുന്ന്' ആണത്! മൂന്നാം നൂറ്റാണ്ടിലെ റോമൻ വൈദ്യന്മാരാണ് ഈ മരുന്ന് കുറിച്ചിരുന്നത്..

Abracadabra എന്ന വാക്ക് തുടരെത്തുടരെ കടലാസിൽ എഴുതണം. ഓരോ തവണ എഴുതുമ്പോഴും ഓരോ അക്ഷരം വീതം ഒഴിവാക്കണം അങ്ങനെ അവസാനം 'A' മാത്രമാകും. അതോടെ കടലാസിൽ അക്ഷരങ്ങൾകൊണ്ട് ഒരു ത്രികോണം രൂപപ്പെട്ടിരിക്കും. രോഗിതന്നെ വേണം ഈ 'മരുന്നു മന്ത്രം' കടലാസിലെഴുതാൻ. ഇതുപോലെ വിചിത്രമായ പല ചികിത്സാരീതികളും പണ്ട് പല നാടുകളിലുമുണ്ടായിരുന്നു. മനുഷ്യശരീരത്തെക്കുറിച്ചും രോഗങ്ങൾ എങ്ങനെയാണ് പിടിപെടുന്നത് എന്നതിനെക്കുറിച്ചും അക്കാലത്ത് ആർക്കും വേണ്ടത്ര അറിവില്ലായിരുന്നു. പ്രേതബാധയാണ് അസുഖങ്ങൾ പിടിപെടാൻ കാരണം എന്ന് വിചാരിച്ചിരുന്നവരുമുണ്ട്

# ഇറങ്ങുമ്പോൾ

**നി**റയെ വന്യമൃഗങ്ങളുള്ള കാടിനടുത്തായി ഒരു ഗ്രാമമുണ്ടായിരുന്നു. ഭക്ഷണത്തിനായും വേട്ടയ്ക്കായും ആ നാട്ടിലെ യുവാക്കൾ കാട്ടിലേക്ക് പോകാറുണ്ട്. വന്യമൃഗങ്ങൾ ആക്രമിക്കാൻ വരുമ്പോൾ രക്ഷപ്പെടാൻ അവർക്കൊരു പ്രത്യേക പരിശീലനം കൊടുക്കും. എന്താണ് പരിശീലനമെന്നല്ലേ? മരംകയറ്റം. വന്യമൃഗങ്ങൾ വന്നാൽ, വേഗം അടുത്തുള്ള മരത്തിൽ കയറി രക്ഷപ്പെടുക. ഇതിന് എല്ലാ യുവാക്കളെയും പരിശീലിപ്പിക്കാൻ നാട്ടിൽ ഒരു ഗുരുവുണ്ടായിരുന്നു.

ഒരിക്കൽ ഏതാനും ചെറുപ്പക്കാർക്ക് മരം കയറാനുള്ള പരിശീലനം കൊടുക്കുകയായിരുന്നു. ഒരുദിവസം ഗുരു ഒരു മരം ചൂണ്ടിക്കാണിച്ചിട്ട് പറഞ്ഞു: "നമ്മുടെ പരിശീലനം ഇന്ന് കഴിയുകയാണ്. നിങ്ങൾ ഈ പരിശീലനത്തിൽ വിജയിക്കണമെങ്കിൽ ദാ, ആ മരത്തിൽ കയറണം. അങ്ങനെയെങ്കിൽ, നിങ്ങൾക്ക് ഏത് മരത്തിലും കയറാം."

മരം കയറാനായി യുവാക്കൾ നിരനിരയായി നിന്നു. ആദ്യത്തെ യുവാവ് മരത്തിലേക്ക് കയറി. വളരെ വേഗംതന്നെ അയാൾ മരത്തിന്റെ മുകളിലെത്തി. എന്നിട്ട്, തിരികെ താഴേക്കിറങ്ങാൻ തുടങ്ങി. മരത്തിന്റെ പകുതിയായപ്പോൾ, ഗുരു പറഞ്ഞു: "ശ്രദ്ധിച്ച്, പതിയെ ഇറങ്ങിയാൽ മതി. ഒരു തിരക്കുമില്ല." ഇതുകേട്ട് യുവാവ് ഇറക്കം പതിയെ ആക്കി. പരിശീലനത്തിനുള്ളവർ ഓരോരുത്തരായി മരം കയറി ഇറങ്ങി. ഓരോ ആളിറങ്ങുമ്പോഴും ഗുരു ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു: "പതിയെ, സൂക്ഷിച്ച് ഇറങ്ങണം. ഒട്ടും തിരക്ക് കൂട്ടരുത്."

അങ്ങനെ മുഴുവൻ പേരും മരംകയറ്റം വിജയകരമായി പൂർത്തിയാക്കി. അപ്പോൾ, ഒരു യുവാവ് ചോദിച്ചു: "ഗുരോ, ഞങ്ങൾ തിരികെ ഇറങ്ങി പകുതിയാകുമ്പോൾ മാത്രമാണ്, അങ്ങ് സൂക്ഷിച്ച് പതിയെ ഇറങ്ങാൻ പറയുന്നത്. എന്നാൽ, കഷ്ടപ്പെട്ട് കയറുന്ന സമയത്ത് അതൊന്നും മിണ്ടിയുമില്ല. എന്താണതിന് കാരണം?"



ഗുരു ഒന്ന് പുഞ്ചിരിച്ചിട്ട് പറഞ്ഞു: "നിങ്ങൾ പറഞ്ഞത് ശരിയാണ്. കയറുമ്പോൾ കഷ്ടപ്പാടും അപകടസാധ്യതയുമുണ്ട്. അതുകൊണ്ടുതന്നെ, നിങ്ങൾ കൂടുതൽ ശ്രദ്ധാലുക്കളാവും, ശ്രദ്ധിക്കണമെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ല. കാരണം, ഒരു ജോലി തുടങ്ങുമ്പോൾ, എല്ലാവരും വളരെ ജാഗ്രതയുള്ളവരായിരിക്കും. എന്നാൽ, ജോലികഴിഞ്ഞ് തിരികെ ലക്ഷ്യസ്ഥാനത്ത് എത്താറാവുമ്പോൾ, പലരുടെയും ജാഗ്രത കുറയും. അപ്പോഴാണ് അപകടമുണ്ടാവാനുള്ള സാധ്യതയുള്ളത്. അതുകൊണ്ടാണ്, തിരികെ ഇറങ്ങുമ്പോൾ ശ്രദ്ധിച്ച്, പതിയെ ഇറങ്ങണമെന്ന് ഞാൻ പറഞ്ഞത്.

ഒന്ന് നിർത്തി, ഗുരു തുടർന്നു: "എല്ലാവരുടെയും ജീവിതത്തിൽ ഇതുപോലുള്ള സമയമുണ്ടാവും. ഒരു ജോലി ഏതാണ്ട് പൂർത്തിയാവാറാവുമ്പോഴേക്കും പലരും അശ്രദ്ധകൊണ്ട് തെറ്റ് വരുത്താറുണ്ട്. അതോടെ, അതുവരെ ചെയ്ത പണിയെല്ലാം വെറുതെയാവും. അതിനാൽ, ഒരു ജോലി ചെയ്യാൻ തുടങ്ങിയാൽ, അത് അവസാനിക്കുന്നതുവരെ ജാഗ്രത കൈവിടരുത് എന്നർഥം.

# വിജയത്തിന്റെ അളവുകോൽ

**(ന്യായാധിപന്മാർ 17, 18)**



## ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

**ആ** കാലത്ത് യിസ്രായേലിൽ രാജാവില്ലായിരുന്നു. ഓരോരുത്തൻ തനിക്കു ബോധിച്ചുവണ്ണം നടന്നിരുന്ന കാലം, മീഖാവ് എന്ന പുരുഷന് ആരാധനയ്ക്കായി യെരുശലേമിലേക്ക് പോകാൻ കഴിയാതിരുന്നപ്പോൾ സമാഗമന കൂടാരത്തിന്റെ ഒരു മാതൃക സ്വന്തം സ്ഥലത്ത് ഉണ്ടാക്കുവാൻ അവൻ തീരുമാനിക്കുകയാണ്. അവന്റെ ഭാവനയിൽ യുക്തമെന്നു തോന്നിയ വിധത്തിൽ അവൻ ഒരു മന്ദിരം ഉണ്ടാക്കി കൂടാരത്തിലെ ഉപകരണങ്ങളിൽ ചിലതും സജ്ജമാക്കി. ഏഫോദും ആകൂട്ടത്തിൽ ഉണ്ടായിരുന്നു. എന്നാൽ വാർപ്പുപണിയായ ഒരു വിഗ്രഹം അവൻ ഉണ്ടാക്കി പ്രതിഷ്ഠിച്ചത് ദൈവിക പദ്ധതിക്കു വിരുദ്ധമായിരുന്നു. അപ്പോഴും തന്നാലാവുന്നത്ര ദൈവാരാധനയിൽ മുന്നേറാൻ മീഖാവ് ആഗ്രഹിച്ചു. ലോകത്തിൽ നിന്നു ചിലതും യിസ്രായേലിന്റെ പ്രമാണങ്ങളിൽ നിന്ന് ചിലതും എടുത്ത് ദൈവത്തെ പ്രസാദിപ്പിക്കാനായി അയാൾ ചിലതൊക്കെ ചെയ്യുന്നു. ബേത്ലഹേമിൽനിന്നും പുറപ്പെട്ടുവന്ന ഒരു ലേവ്യനെ കണ്ടപ്പോൾ മീഖാവ് സന്തുഷ്ടനായി. പുരോഹിതർക്ക് ദൈവം അനുവദിച്ചിരുന്ന കാര്യങ്ങളിൽ തൃപ്തനാവാതെ തരം കിട്ടുന്നിടത്ത് പാർക്കുവാൻ അന്വേഷിച്ചു നടന്ന ഈ ലേവ്യനെ മീഖാവ് തനിക്ക് ഒരു പുരോഹിതനാവാൻ ക്ഷണിക്കുകയും അയാൾ അത് സ്വീകരിക്കുകയും ചെയ്യുന്നു. അവർ തമ്മിലുള്ള ഉടമ്പടിയുടെ ഭാഗമായി ആണ്ടിൽ പത്തു ശേക്കൽ വെള്ളിയും വസ്ത്രവും നൽകാമെന്ന് മീഖാവ് സമ്മതിക്കുന്നു. ലേവ്യനെ സംബന്ധിച്ചിടത്തോളം ഈ പ്രതിഫലം തികച്ചും ആകർഷകമായിരുന്നതിനാൽ മീഖാവിന്റെ വീട്ടിലെ വിഗ്രഹാരാധനയിൽ പുരോഹിത ശുശ്രൂഷ ചെയ്യാൻ അയാൾ യാതൊരുമടിയും കാണിക്കുന്നില്ല.



ദാൻ ഗോത്രക്കാർക്ക് അമോര്യരെ ഓടിച്ചു കളയുക ദുഷ്കരമാകയാൽ അവർ വേഗത്തിൽ ഓടിച്ചുകളയാവുന്ന ചിലരെക്കുറിച്ചുള്ള അന്വേഷണത്തിലായിരുന്നു. അവരുടെ അന്വേഷണത്തിൽ ലയീശ് ദേശക്കാർ സംരക്ഷണമില്ലാത്തവരാകയാൽ വേഗം കീഴ്പ്പെടുത്താൻ കഴിയുന്നവരായിരുന്നു. ലയീശിലേക്കു പോകുന്ന വഴിക്ക് ദാൻ ഗോത്രക്കാർ മീഖാവിന്റെ വീട്ടിലും എത്തി. അവിടെ വച്ച് ദാൻ ഗോത്രക്കാർക്ക് ലേവ്യനായ പുരോഹിതൻ വേണ്ട ഉപദേശവും ഉത്സാഹവും നൽകുകയും തുടർന്ന് അവർ ആ യത്നത്തിൽ വിജയം വരിക്കുകയും ചെയ്തു. ഇത്തരമൊരു ലേവ്യൻ എപ്പോഴും സഹായത്തിന് കൂടെയുണ്ടാവുക അഭികാമ്യമെന്ന് ദാൻഗോത്രക്കാർക്ക് തോന്നിയതിൽ അത്ഭുതമില്ലല്ലോ? മീഖാവിന്റെ വീട്ടിലെ ഏഫോദും ഗൃഹബിംബവും എടുത്ത് ലേവ്യനെ നിർബന്ധിച്ച് കൂട്ടിക്കൊണ്ടു പോകുന്ന ദാൻഗോത്രക്കാർ ഇന്നത്തെ വിശ്വാസികൾക്ക് നൽകുന്ന സന്ദേശം എന്താണ് (ന്യായാധിപൻമാർ 18 ലെ വേദഭാഗങ്ങൾ വായിക്കുക) മീഖാവിന്റെയും ലേവ്യന്റെയും മനോഭാവത്തെ നാം എന്തുവിളിക്കും? ഈ ചരിത്രത്തിനു നമ്മുടെ തലമുറയിൽ എന്തു പ്രസക്തിയാണുള്ളത്? അവസരവാദ ക്രിസ്തീയതയെപ്പറ്റി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഭൗതിക നന്മയ്ക്ക് പ്രയോജനപ്പെടുന്ന മതമാണ് ഇന്നു ഭൂരിപക്ഷം പേരും അന്വേഷിക്കുന്നത്. തികഞ്ഞ പ്രയോജനപരതയാണ് ഈ കാലഘട്ടത്തിന്റെ ജീവിതപ്രമാണം എന്നു എത്ര പേർ ശ്രദ്ധിച്ചിട്ടുണ്ട്. പ്രായോഗിക ക്രിസ്ത്യാനിത്വം എന്നു പറയുമ്പോൾ എന്താണർത്ഥമാക്കുന്നത്? പ്രവർത്തനക്ഷമമായത് എന്താണോ അതാണ് സത്യം. വിജയിക്കുന്നതെന്താണോ അതാണ് നല്ലത്. ഈ തത്വശാസ്ത്രം അനുസരിച്ച് ദൈവം ഏറ്റവുമധികം മാനിച്ചിട്ടുള്ള പലരും ലോകത്തിലേക്കും ഏറ്റവും വലിയ പരാജയങ്ങളായിരുന്നു. ഉദാഹരണത്തിന് നോഹ നല്ല ഒരു കപ്പൽപ്പണിക്കാരനായിരുന്നെങ്കിലും അവന്റെ പ്രധാന ദൗത്യമായ നീതിപ്രസംഗിയെന്ന നിലയിൽ അവൻ ഒരു തികഞ്ഞ പരാജയമായിരുന്നു. 120 വർഷംകൊണ്ട് ഏഴുപേരെ മാത്രം നേടാൻ കഴിഞ്ഞ ഒരുവനെക്കുറിച്ച് ദൈവത്തിനല്ലാതെ മറ്റാർക്കും മതിപ്പുണ്ടാകയില്ല. യിരെമ്യാവിന്റെ കാര്യം ഓർക്കുക. ശക്തനായ ഒരു പ്രവാചകനായിരുന്നെങ്കിലും, ഫലപ്രാപ്തിയുടെ കാര്യത്തിൽ അവൻ ഒരു വട്ടപ്പൂജ്യമായിരുന്നു. ദൈവത്തെ മാത്രം പ്രസാദിപ്പിച്ച ഒരുവൻ. പ്രശസ്തമായ മറ്റൊരു ദൃഷ്ടാന്തം യേശുവാണ്. വലിയൊരു സഭ സ്ഥാപിക്കുവാനോ, മിഷൻ ബോർഡ് ഉണ്ടാക്കുവാനോ, ഒരു പുസ്തകമെങ്കിലും പ്രസിദ്ധീകരിക്കാനോ കഴിയാഞ്ഞ യേശു ലോകദൃഷ്ടിയിൽ ഒരു തികഞ്ഞ പരാജയമായിരുന്നു. മൂന്നുവർഷം പ്രസംഗിക്കയും, ആയിരക്കണക്കിന് രോഗികളെ സൗഖ്യ മാക്കിയും, ആയിരങ്ങളെ ഭക്ഷണം നൽകി തൃപ്തരാക്കുകയും ചെയ്ത യേശുവിന് തന്റെ ദൗത്യം പൂർത്തിയാക്കിയപ്പോൾ ചുരുക്കം ശിഷ്യന്മാരെ മാത്രമേ നേടുവാൻ കഴിഞ്ഞുള്ളു. വിജയത്തിന്റെ സാമാന്യ മാനദണ്ഡങ്ങൾ വച്ചുനോക്കുമ്പോൾ എല്ലാവിധത്തിലും ഒരു പരാജയം!

പ്രസക്തമായ ചോദ്യം ഇതാണ്. വിജയത്തിന്റെ അളവുകോൽ എന്താണ്? എന്തടിസ്ഥാനത്തിലാണ് നമ്മുടെ ജീവിതവും ശുശ്രൂഷയും നാം വിലയിരുത്തുന്നത്? നിങ്ങൾ സ്വയം ചോദിക്കേണ്ട ഒരു പ്രധാനചോദ്യം ഇതാണ്: "ദൈവം ലക്ഷ്യപ്രാപ്തിക്കുള്ള ഒരു ഉപാധിയാണോ, അതോ ദൈവം തന്നെയാണോ എന്റെ ലക്ഷ്യം?" ക്രിസ്തീയ ജീവിതത്തിന്റെ പ്രാരംഭത്തിൽ തന്നെ ദൈവത്തെക്കുറിച്ച് ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരം കണ്ടെത്തിയേ മതിയാകൂ.



# കയീന്റെ വഴിയെ



**ക**യീൻ തന്റെ സഹോദരനെപ്പറ്റി നല്ലതു ഉദ്ദേശിക്കാത്തതുമൂലം കോപത്താൽ അവന്റെ മുഖം വാടി (ഉൽപ്പ. 4:8) നാം തിരിച്ചറിയുന്നില്ലെങ്കിലും നമ്മുടെ ഹൃദയത്തിൽ ഉണ്ടാകുന്ന മനോഭാവം നമ്മുടെ മുഖത്ത് പലപ്പോഴും പ്രതിഫലിക്കാറുണ്ട്. നിങ്ങൾ എല്ലാവരെപ്പറ്റിയും നല്ലത് ഉദ്ദേശിക്കുന്നെങ്കിൽ നിങ്ങളുടെ മുഖം എപ്പോഴും കർത്താവിലുള്ള സന്തോഷത്താൽ പ്രകാശിക്കും. അനേകവിശ്വാസികളും കയീന്റെ വഴിയിലാണ് നടക്കുന്നത്. അവരുടെ മങ്ങിയ പുഞ്ചിരിക്കും ചുണ്ടിൽ നിന്നുവരുന്ന തണുത്ത പ്രെയ്സ് ദ ലോർഡിനും പുറകിൽ സഹവിശ്വാസികളോടുള്ള തെറ്റായ മനോഭാവം കാണാൻ സാധിക്കും.



ആളുകൾ നിങ്ങൾക്കെതിരായി തിരിയുകയും നിങ്ങൾക്കു ദോഷം പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ ഹൃദയത്തിന്റെ ശരിയായ സ്ഥിതി അറിയുന്നതിനായി ദൈവം അവരിൽ കൂടെ ഒരു സ്കാനിങ് അനുവദിക്കുകയാണ്. നിങ്ങൾക്ക് അവരെ സ്നേഹിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങളുടെ ഹൃദയത്തിന്റെ സ്കാൻ കാണിക്കുന്നത് നിങ്ങൾ ദൈവസ്വഭാവത്തിന് പങ്കാളിയായിട്ടില്ല എന്നാണ്. എന്തെന്നാൽ ദൈവ സ്വഭാവം ശത്രുക്കളെയും സ്നേഹിക്കുന്നതാണ്.

ആദമും ഹവ്വയും പാപം ചെയ്തപ്പോൾ ദൈവം അവരെ ശപിച്ചില്ല. അവിടുന്ന് സർപ്പത്തെ ശപിച്ചു. എന്നാൽ ആദാമിനും ഹവ്വയ്ക്കും ക്രിസ്തു സ്ത്രീയുടെ സന്തതിയായി വന്ന് സർപ്പത്തിന്റെ തല തകർക്കുമെന്ന വാഗ്ദാനം ആണ് നല്കിയത് (ഉൽപ. 3:15). ഈ പ്രക്രിയയിൽ ക്രിസ്തുവിന്റെ തന്നെ കുതികാൽ ചതയ്ക്കപ്പെടും. അത് ആദാമ്യവർഗത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുവാനായി അവിടുന്നു നല്കിയ വിലയായിത്തീരുന്നു. ഇതാണ് ദിവ്യസ്നേഹം. താൻ സ്നേഹിക്കുന്ന ഒരുവനെ രക്ഷിക്കുവാനായി സ്വന്തജീവൻ വച്ചുകൊടുക്കുന്ന സ്നേഹം.

ദൈവസ്നേഹത്തിന്റെ ആഴം അറിയുമ്പോഴാണ് നാം അതിൽ എത്ര കുറഞ്ഞ നിലയിലേ എത്തിയിട്ടുള്ളു എന്നു കാണുന്നത്. ഈ ദൈവജീവൻ നമുക്കു സ്വയമായി ഉത്പാദിപ്പിക്കാൻ കഴിയുകയില്ല. ഇതു നമുക്കു ദൈവം തന്നെ തരേണ്ടതാണ്. പരിശുദ്ധാത്മാവു വന്നത് നമ്മുടെ ഹൃദയത്തെ ഈ സ്നേഹത്താൽ നിറയ്ക്കുവാനാണ് (റോമ.5.5).

ഈ ത്യാഗപൂർണമായ സ്നേഹത്തിന്റെ തത്വത്തിൽ ജീവിക്കുവാൻ മനസ്സുള്ളവരെ മാത്രമേ ഭൂമിയിൽ അവിടുത്തെ സഭ പണിയുവാൻ ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയുകയുള്ളു.


2 ദിന. 3:1 ൽ നാം വായിക്കുന്നു: "ശാലോമോൻ മോറിയാ പർവ്വതത്തിൽ യഹോവയുടെ ആലയം പണിയുവാൻ തുടങ്ങി. മോറിയാ പർവ്വതം ആയിരുന്നു അബ്രഹാം തന്റെ മകനായ യിസ്ഹാക്കിനെ ദൈവത്തിന് അർപ്പിച്ച സ്ഥലം (ഉൽപ 22). അവിടെ, ആ പർവ്വതത്തിൽ, അബ്രഹാമിന് ദൈവത്തിന്റെ വഴി, സമർപ്പണത്തിന്റെ വഴിയായി മനസ്സിലാകുകയും അദ്ദേഹം അതിനു കീഴടങ്ങുകയും ചെയ്തു. ദൈവം സ്ഥലത്തെ ശുദ്ധീകരിക്കുകയും തന്റെ ആലയം ആ സ്ഥലത്തു തന്നെ 1000 വർഷങ്ങൾക്കു ശേഷം പണിയണമെന്ന് നിശ്ചയിക്കുകയും ചെയ്തു. അബ്രഹാമിന്റെ ആത്മാവും വിശ്വാസവും ഉള്ളവരെ എവിടെയൊക്കെ കാണുന്നുവോ അവിടെ ദൈവം തന്റെ സഭയെ പണിയും. ആദമും ഹവ്വായും ഏദനിൽ ദൈവത്തോടു പറഞ്ഞതിന്റെ നേരേ വിപരീതമായ കാര്യമാണ് മോറിയാ പർവ്വതത്തിൽ അബ്രഹാം പ്രതീകാത്മകമായി പറയുന്നത്.

ഏദനിൽ ആദമും ഹവ്വായും തങ്ങളുടെ പ്രവൃത്തികളിൽക്കൂടി ദൈവത്തോടു പറഞ്ഞത്, സൃഷ്ടിക്കപ്പെട്ട വിലക്കപ്പെട്ട കനി ഭക്ഷിക്കുന്നതിലുള്ള ആനന്ദം സ്രഷ്ടാവിനെക്കാൾ വിലപ്പെട്ടതാണ് എന്നതാണ്. ഇതു തന്നെയാണ് കോടിക്കണക്കിനു മനുഷ്യജീവികൾ ഇന്നും ദൈവത്തോടു പറയുന്നത്. "അവർ സ്രഷ്ടാവിനെക്കാൾ അധികം സൃഷ്ടിക്കപ്പെട്ട വസ്തുക്കളെ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്നു (റോമ. 1:25).

എന്നാൽ മോറിയാ പർവ്വതത്തിൽ അബ്രഹാം അതിന് വിപരീതമായി പറഞ്ഞത് തന്റെ ദൈവവും സ്രഷ്ടാവുമായവൻ ഭൂമിയിൽ തനിക്ക് ഏറ്റവും പ്രിയപ്പെട്ട സ്വത്തിനെക്കാൾ (യിസ്ഹാക്ക്) വിലയേറിയതാണെന്നാണ്. അതു തെളിയിക്കുവാനായി യിസ്ഹാക്കിനെ യാഗം കഴിക്കുവാൻ അബ്രഹാം ഒരുക്കമായിരുന്നു. ത്യാഗത്തിന്റെ ആദർശത്തിൽ ജീവിക്കുന്ന എല്ലാവരെയും ദൈവം മാനിക്കും. ഈ മാർഗത്തിൽ പിടിക്കപ്പെട്ടവരാൽ ആണ് ഇന്നും യഥാർത്ഥ ദൈവഭവനം പണിയപ്പെടുന്നത്.


കാൽവറിമലയിൽ യേശു ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്നതു കേവലം ആ സത്യം മാത്രമല്ല തെളിയിക്കുന്നത്, ദൈവം എല്ലാ പ്രവർത്തികളും ചെയ്യുന്നതു ത്യാഗത്തിന്റെ തത്വത്തിലൂടെയാണെന്ന് അവിടെ വ്യക്തമാക്കുകയും ചെയ്യുന്നു. മറ്റേതെങ്കിലും വിധത്തിൽ ആർക്കും കർത്താവിനെ സേവിക്കുവാൻ കഴിയുകയില്ല. ഈ ലോകത്തിൽ വളരെ സുഖപ്രദമായ ജീവിതം അന്വേഷിക്കുകയും അതേസമയം സഭ പണിയുകയും ചെയ്യുവാൻ ആഗ്രഹിക്കുന്നവർ തങ്ങളെത്തന്നെ വഞ്ചിക്കുകയാണ്. രണ്ടുലോകത്തിലെയും ഏറ്റവും നല്ലത് അന്വേഷിക്കുന്നവർ സാത്താനാൽ പൂർണമായും ചതിക്കപ്പെട്ടിരിക്കയാണ്.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ

തുടർച്ച



**നാ**ല് എന്ന സംഖ്യ സൃഷ്ടപ്രപഞ്ചത്തെ സൂചിപ്പിക്കുന്നതാണ്. ദൂതന്മാർക്കു മനുഷ്യന്റെയും മൃഗങ്ങളുടെയും മുഖങ്ങൾ നല്കുന്നത് എന്തിനെന്നു വ്യക്തമല്ല. ദൂതന്മാമാരെക്കുറിച്ചു പറയുമ്പോൾ ഇപ്രകാരമുള്ള പ്രതീകങ്ങൾ വെളിപ്പാടു ഗ്രന്ഥകാരൻ വേറൊരിടത്തും ഉപയോഗിക്കുന്നില്ല. തന്നെയുമല്ല, ഈ ദർശനങ്ങളിൽതന്നെ അസംഖ്യം ദൂതന്മാർ (5:11) പ്രത്യക്ഷപ്പെടുന്നുമുണ്ട്. അതിനാൽ ഈ ജീവികൾ ദൂതന്മാരെ പ്രതിനിധാനം ചെയ്യുന്നു എന്നു കരുതുക പ്രയാസമാണ്.

ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയും പ്രതീകങ്ങളാണിവ എന്ന വിശദീകരണം കൂടുതൽ സ്വീകാര്യമാണ്. വന്യമൃഗങ്ങളിൽ ഏറ്റം ശ്രേഷ്ഠമായതാണ് സിംഹം; വളർത്തു മൃഗങ്ങളിൽ ഏറ്റം ശക്തമായത് കാള; ഭൂമിയിലെ എല്ലാ ജീവികളിലും വച്ച് ബുദ്ധിയിലും ജ്ഞാനത്തിലും മികച്ചതു മനുഷ്യൻ, വേഗതയേറിയതു കഴുകൻ, ദൈവത്തിന്റെ ജ്ഞാനം സൃഷ്ടികളിൽ നിറഞ്ഞു നില്ക്കുന്നു എന്ന ആശയമാവാം ജീവികളുടെ കണ്ണുകൾ സൂചിപ്പിക്കുന്നത്. "സമുദ്രം ജലം കൊണ്ടെന്നപോലെ ഭൂമി കർത്താവിനെക്കുറിച്ചുള്ള ജ്ഞാനം കൊണ്ടു നിറയും" (യെശ 11:9) എന്ന പ്രവചനം ഇവിടെ ശ്രദ്ധേയമാണ്.

ദൈവത്തിന്റെ ചൈതന്യം നിറഞ്ഞുനില്ക്കുന്ന ജീവികൾ ജീർണ്ണതയുടെ അടിമത്തത്തിൽ നിന്നു മോചിതമായ സൃഷ്ടപ്രപഞ്ചത്തിന്റെ (റോമാ 8:21) പ്രതീകമാണ്. കാലത്തിനതീതനായ ദൈവത്തിന്റെ കാഴ്ചപ്പാടിൽ രക്ഷാകർമ്മം പൂർണ്ണമാക്കപ്പെട്ടിരിക്കുന്നു. യുഗാന്തത്തോടെ ഭൂമിയിൽ യാഥാർത്ഥ്യമാകാനിരിക്കുന്നത് സ്വർഗ്ഗത്തിൽ നിറവേറിയിരിക്കുന്നു. നിത്യതയുടെ നിമിഷത്തിൽ നിന്നുകൊണ്ടാണ് യോഹന്നാൻ സ്വർഗ്ഗീയസദസ് വർണ്ണിക്കുന്നത്. ദൈവത്തിന് അർപ്പിക്കുന്ന ആരാധനയുടെ വിവരണത്തിൽ ഇതു കൂടുതൽ വ്യക്തമാകുന്നു.

യേശുവിനെ യഹൂദർ പ്രതീക്ഷിച്ചിരുന്ന മിശിഹാ-രാജാവായി ചിത്രീകരിച്ചിരിക്കുന്നതിനാൽ മത്തായിയുടെ പ്രതീകമാണ് മൃഗരാജാവായ 'സിംഹം'. യേശുവിന്റെ മനുഷ്യത്വത്തിന് ഏറ്റം പ്രാധാന്യം നല്കുന്ന മർക്കോസിന്റെ പ്രതീകം 'മനുഷ്യൻ'. ബലിയർപ്പണത്തിന്റെ ചിത്രീകരണംകൊണ്ട് സുവിശേഷം ആരംഭിക്കുന്ന ലൂക്കോസിന്റെ പ്രതീകം 'കാള'. മറ്റു മൂന്നു സുവിശേഷകന്മാരേക്കാൾ കൂടുതലായി യേശുവിന്റെ ദൈവത്വത്തിലേക്ക് ചിന്ത ഉയർത്തുകയും ആഴത്തിൽ കാണുകയും ചെയ്യുന്ന യോഹന്നാൻ നൽകുന്ന പ്രതീകമാണ് 'കഴുകൻ'. ദൈവദൂതദർശനത്തിനു പ്രാധാന്യം നല്കുന്നതിനാൽ മത്തായിയുടെ പ്രതീകമായി മനുഷ്യരൂപത്തിലുള്ള ദൈവദൂതനെയും സിംഹഗർജ്ജനംപോലെ മരുഭൂമിയിൽ മുഴങ്ങിയ സ്നാപകശബ്ദം കൊണ്ടു തുടങ്ങുന്ന മർക്കോസിന്റെ പ്രതീകമായി സിംഹത്തെയും കാണുന്നവരുണ്ട്.

**വെളിപാട് 4:8-11, സിംഹാസനസ്ഥന് ആരാധന**

നാലു ജീവികളുടെ സ്തുതിഗീതത്തിന് ഏശയ്യായുടെ ദർശനത്തിലെ സെറാഫുകളുടേതിനോടു സാമ്യമുണ്ട് (യെശ. 6:3). സൃഷ്ടപ്രപഞ്ചം രാപകൽ ഇടവിടാതെ ദൈവത്തെ സ്തുതിക്കുന്നു എന്ന ആശയം സങ്കീർത്തനങ്ങളിൽ കാണാം (സങ്കീ 19:1-2). ദൈവത്തിനു മൂന്നു വിശേഷണങ്ങളാണ് ഇവിടെ നല്കുന്നത്. 1. പരിശുദ്ധൻ: ഗ്രീക്കു മൂലത്തിൽ പരിശുദ്ധൻ എന്ന വിശേഷണമാണ് ആദ്യം വരുന്നത്. കറയോ കുറവോ ഇല്ലാത്തവൻ എന്നും സൃഷ്ടപ്രപഞ്ചത്തിൽ നിന്നും വ്യതിരിക്തൻ, വേറിട്ടു നില്ക്കുന്നവൻ എന്നും ഈ പദത്തിന് അർത്ഥമുണ്ട്. സ്വർഗ്ഗീയ സിംഹാസനത്തിന്റെ വിവരണത്തിൽ പ്രതീകങ്ങളിലൂടെ അവതരിപ്പിച്ച ഈ യാഥാർത്ഥ്യം ഇവിടെ വാക്കുകളിലൂടെ പ്രഘോഷിക്കുന്നു. പരിശുദ്ധൻ എന്നു മൂന്നുതവണ ആവർത്തിക്കുന്നതിലൂടെ ദൈവത്തെ പരമപരിശുദ്ധനായി, പരിശുദ്ധിയുടെ പൂർണ്ണതയായി പ്രകീർത്തിക്കുന്നു. 2. സർവ്വശക്തൻ: സകലതും തന്റെ ചൊല്പടിക്കു നിർത്തുന്നവൻ എന്നാണ് ഈ പദത്തിന്റെ അർത്ഥം. സ്വർഗ്ഗീയ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന ദൈവമാണ് പ്രപഞ്ചത്തിന്റെ നാഥൻ; റോമാ ചക്രവർത്തിയല്ല എന്ന ധ്വനി ഈ വിശേഷണത്തിൽ കാണാം. 3. ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനും: ഈ വിശേഷണമാകട്ടെ ദൈവം നിത്യനും മാറ്റമില്ലാത്തവനും ആണെന്നു പ്രഖ്യാപിക്കുന്നു. ഈ സത്യം തന്നെ, നിത്യം ജീവിക്കുന്നവൻ എന്ന് അടുത്ത വാക്യത്തിൽ വ്യാഖ്യാനിക്കുന്നുണ്ട്. ചക്രവർത്തിമാരും സാമ്രാജ്യങ്ങളും വന്നുപോകുന്നു; ദൈവമാകട്ടെ അചഞ്ചലനായി എന്നും നിലനില്ക്കുന്നു. ഈ രണ്ടു വിശേഷണങ്ങളും 1:8 ൽ കണ്ടതാണ്.

**4:9,** നാലുജീവികൾ സമർപ്പിക്കുന്ന സ്തോത്രഗീതത്തെ ഒന്നുകൂടി വിശദീകരിക്കുകയാണ് ഈ വാക്യം. കൃതജ്ഞത എന്നു വിവർത്തനം ചെയ്തിരിക്കുന്നത് യുക്കരിസ്തിയാ എന്ന ഗ്രീക്കുപദമാണ്. വാഴ്ത്തൽ, നന്ദിപറയൽ എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. ദൈവം ചെയ്ത വലിയ കാര്യങ്ങളെ നന്ദിയോടെ അനുസ്മരിച്ച് ഏറ്റുപറയുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്.

**4:10-11,** സൃഷ്ടപ്രപഞ്ചം മുഴുവൻ നിരന്തരമായി അർപ്പിക്കുന്ന ആരാധനയിൽ ദൈവജനം പങ്കുചേരുന്നതിന്റെ ചിത്രം ഈ വാക്യങ്ങൾ വരച്ചുകാട്ടുന്നു. സിംഹാസനസ്ഥന്റെ മുമ്പിൽ വീണ് സാഷ്ടാംഗം പ്രണമിക്കുന്നത് പരിപൂർണ്ണമായ വിധേയത്വത്തിന്റെയും ആത്മസമർപ്പണത്തിന്റെയും പ്രതീകമാണ്.

കർത്താവും ദൈവവും എന്ന അഭിസംബോധന പഴയനിയമത്തിലുടനീളം പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ വെളിപ്പാടു പുസ്തകത്തിന്റെ പ്രത്യേക ചരിത്ര പശ്ചാത്തലത്തിൽ ഈ അഭിസംബോധനയ്ക്ക് രാഷ്ട്രീയമായൊരു ധ്വനിയുണ്ട്. സീസറിനെ കർത്താവും ദൈവവും എന്നു വിളിക്കണം എന്ന കല്പനയുടെ വ്യക്തമായ നിഷേധമാണ് ഇവിടെ നടക്കുന്നത്. കർത്താവും ദൈവവും ഒരുവൻ മാത്രമേയുള്ളൂ. അതു സ്വർഗ്ഗീയ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നവനാണ്. റോമൻ ചക്രവർത്തിയായ ഡൊമീഷ്യനല്ല. നാലുജീവികളുടെ സ്തുതിപ്പുകൾ 'ദൈവം പരിശുദ്ധനാകുന്നു' എന്ന സത്യം പൊതുവായി ഏറ്റുപറയുമ്പോൾ, ശ്രേഷ്ഠന്മാർ കർത്താവായ ദൈവമേ' എന്നു വിളിച്ചുകൊണ്ട് ദൈവത്തിനു നേരിട്ട് സ്തുതി സമർപ്പിക്കുന്നു. അങ്ങ് അർഹനാണ് എന്ന പ്രയോഗത്തിലും രാജാരാധനയുടെ നിഷേധം കാണാം. റോമൻ ചക്രവർത്തി സാഘോഷം നഗരപ്രവേശം നടത്തുമ്പോൾ 'അങ്ങ് അർഹനാണ്' (You are Worthy) എന്ന് ജനം ആർത്തുവിളിക്കുമായിരുന്നു. മഹത്വം സ്വീകരിക്കാനുള്ള അർഹത ചക്രവർത്തിക്കില്ല, ദൈവത്തിനു മാത്രമേയുള്ളൂ.

സൃഷ്ടികർമ്മത്തിന്റെ പേരിലാണ് ദൈവത്തെ സ്തുതിക്കുന്നത്. അസ്തിത്വം ലഭിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു എന്ന പ്രഖ്യാപനം ഒരേ കാര്യത്തിന്റെ ആവർത്തനമല്ല. പ്രപഞ്ചം ബാഹ്യമായി സൃഷ്ടിക്കപ്പെടുന്നതിനുമുമ്പേ ദൈവത്തിന്റെ ഹിതത്തിൽ ഒരു പദ്ധതിയെന്നവണ്ണം സ്ഥിതി ചെയ്തിരുന്നു. ഈ പദ്ധതിയുടെ ബാഹ്യമായ പൂർത്തീകരണം ദൈവം നിശ്ചയിച്ച സമയത്താണുണ്ടായത്. പ്രപഞ്ചത്തിലെ യാതൊന്നും യാദൃച്ഛികമായുണ്ടായതല്ല, ദൈവം നിശ്ചയിച്ച സമയത്തും വിധത്തിലും ആണ്. (തുടരും)



# മൽക്കീസേദെക്കിന്റെ പൗരോഹിത്യം



**മ**ൽക്കീസേദെക്കിന്റെ ജ്ഞാനം ശ്രദ്ധിക്കുക. "നിന്നിൽ ദുർമ്മോഹം ജനിച്ചിരിക്കുന്നു എന്നു കണ്ട ദൈവം നിന്നോടു സംസാരിക്കുവാൻ എന്നെ അയച്ചിരിക്കുന്നു എന്നൊന്നും പ്രസംഗിക്കുവാൻ മുതിർന്നില്ല-"ദൈവം നിങ്ങൾക്കുവേണ്ടി ഒരു വചനം അയച്ചിരിക്കുന്നു എന്നവകാശപ്പെടുന്ന സ്വയം നിയമിതരായ പ്രവാചകന്മാരെപ്പോലെ. കൊള്ളമുതലിൽ നിന്നും അബ്രഹാമിന്റെ മനസ് മൽക്കീസേദെക്ക് ദൈവത്തിലേക്കു തിരിച്ചു. അങ്ങനെ ലോകത്തിന്റെ പ്രഭ അബ്രഹാമിന്റെ കൺമുമ്പിൽ മങ്ങുവാനിടയായി. അബ്രഹാമിനു നേര വന്ന വളരെ ഗുരുതരമായ ഒരു വിപത്തിൽ നിന്നും അബ്രഹാമിനെ രക്ഷിച്ച മല്ക്കിസേദെക്കിന്റെ അനുഗൃഹീതവും പരോക്ഷവുമായ ആ സമീപനത്തിൽ നിന്നും നമുക്കു പലതും മാതൃകയാക്കാനുണ്ട്.

രണ്ടാമതായി അബ്രഹാം മനസ്സിലാക്കി, താനും തന്റെ കൂടെയുള്ള 318 ആളുകളുമല്ല ഈ വിജയം നേടിയത്. ദൈവമാണ് എന്ന്. ആ വെളിപ്പാട് അബ്രഹാമിനെ ഗർവ്വിൽ നിന്നും രക്ഷിച്ചു. അവിടെയും തന്റെ വിജയത്തിൽ നിന്നും അബ്രഹാമിന്റെ ശ്രദ്ധയെ തിരിക്കുന്നതിൽ മല്ക്കീസേദെക്ക് വിജയിച്ചു.

നമ്മിൽ നിന്നും നമ്മുടെ ശ്രദ്ധയെ ദൈവത്തിങ്കലേക്കു തിരിക്കുന്നവനാണ് ഏറ്റവും നല്ല പ്രസംഗകൻ, നമ്മുടെ ജയാപജയങ്ങളിൽ നിന്നും നേട്ടങ്ങളിൽ നിന്നും ആത്മപ്രശംസകളിൽ നിന്നും ആത്മ നിന്ദയിൽ നിന്നും ഒക്കെ ദൈവ സാന്നിദ്ധ്യ ബോധത്തിലേക്കു നമ്മെ കൊണ്ടുവരുന്നതാണ് ദൈവിക ശുശ്രൂഷ.

ഇയ്യോബിനോടു പ്രസംഗിച്ച എലീഫസ്, ബിൽദാദ്, സോഫർ മുതലായ സ്വയനീതിയിൽ പ്രശംസിക്കുന്ന സ്നേഹിതരുടെ ശുശ്രൂഷയ്ക്ക് കടക വിരുദ്ധമായ ശുശ്രൂഷയാണ് മല്ക്കീസേദെക്കിന്റേത്. അവർ മൂന്നുപേരും പരീശന്മാരുടെ മുൻഗാമികളായിരുന്നു.

ഇന്നു നമുക്കു പരിശന്മാരുടെ പിൻഗാമികളെ ക്രൈസ്തവ ലോകത്തു കണ്ടെത്താൻ കഴിയും. എന്നാൽ നമുക്കാവശ്യം മല്ക്കീസേദെക്കുമാരെയാണ്.

തുടർന്നു നാം എത്തുന്നതു ഈ കഥയുടെ ഏറ്റവും മനോഹരമായ ഭാഗത്തേക്കാണ്. അബ്രഹാമിനെ അനുഗ്രഹിച്ച ഉടൻ മല്ക്കീസേദെക്ക് അപ്രത്യക്ഷനായി. തുടർന്നൊരിടത്തും നാം മല്ക്കീസേദെക്കിനെ കാണുന്നില്ല. യേശുക്രിസ്തുവിന്റെ ഒരു പ്രതിരൂപമെന്നോണം ആ പേര് ഉപയോഗിക്കപ്പെടുന്നതു മാത്രം നാം കാണുന്നു.

ഒരു പക്ഷേ മല്ക്കീസേദെക്ക് അന്നു പ്രഭാതത്തിൽ തന്റെ കൂടാരത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴായിരിക്കാം താൻ അന്നു നിർവ്വഹിക്കേണ്ട ഒരു ദൗത്യത്തെക്കുറിച്ചു ദൈവം തന്നെ അറിയിച്ചത്. തനിക്ക് ഒരു പക്ഷേ അബ്രഹാമിനെ അറിയില്ലായിരിക്കാം പക്ഷേ ദൈവത്തെ അറിയാമായിരുന്നു. അതു മതിയായിരുന്നു. അതതു സമയത്തു നിർവ്വഹിക്കേണ്ടതെന്തെന്നു ദൈവം കല്പിക്കയും താൻ അനേകർക്ക് ഒരു അനുഗ്രഹമായിത്തീരുകയും ചെയ്തു. ആളുകളെ ഭൗതികമായും ആത്മീയമായും അനുഗ്രഹിച്ചശേഷം ഒരു നന്ദിവാക്കു പോലും സ്വീകരിക്കും മുമ്പേ അപ്രത്യക്ഷനാവുക!

അഹരോന്റെ പൗരോഹിത്യവും മല്ക്കീസേദെക്കിന്റെ ശുശ്രൂഷയും വ്യത്യസ്തമാകുന്നതിവിടെയാണ്. അഹരോൻ കൂടെക്കൂടെ ജനങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും ബഹുമാനം വാങ്ങുകയും ചെയ്തിരുന്നു. മല്ക്കീസേദെക്ക് ആളുകളെ ശുശ്രൂഷിക്കയും അപ്രത്യക്ഷനാകയും ചെയ്തു.

യേശുവും ശുശ്രൂഷ ചെയ്തിരുന്നത് ഇപ്രകാരമാണ്. യേശു ചുറ്റി സഞ്ചരിച്ച് ജീവിതസമരത്തിൽ തളർന്ന് ആത്മീയമായും ശാരീരികമായും ആവശ്യങ്ങളിലായിരിക്കുന്നവരെ കണ്ടെത്തി അവർക്കു ശുശ്രൂഷ ചെയ്തു പോന്നു. തന്റെ സൗഖ്യശുശ്രൂഷകളെക്കുറിച്ച് പരസ്യപ്പെടുത്തുവാൻ അവിടുന്ന് അനുവദിച്ചില്ല, ആഗ്രഹിച്ചുമില്ല. താൻ ഒരു സൗഖ്യദായകനെന്ന് അറിയപ്പെടാൻ അവിടുന്ന് ആഗ്രഹിച്ചില്ല. രാജാവാകാനും ആഗ്രഹിച്ചില്ല. ആളുകളെ ശുശ്രൂഷിക്കുവാനും അവർക്കുവേണ്ടി തന്റെ ജീവൻ വയ്ക്കുവാനും ആഗ്രഹിച്ചു. പ്രശസ്തി ഒരിക്കലും ആഗ്രഹിച്ചില്ല. ഹെരോദാവിനോ, അന്നാസിനോ, കയ്യാഫസിനോ, പീലാത്തോസിനോ താൻ ദൈവപുത്രനാണെന്നു തെളിവു നൽകാൻ വേണ്ടി തന്റെ പുനരുത്ഥാനത്തിനു ശേഷം അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാനും തയ്യാറായില്ല. ഏതെങ്കിലും ഒരു പരീശന്റെയോ സദൂക്യന്റെയോ മുമ്പില്ലെങ്കിലും തന്റെ പുനരുത്ഥാനശേഷം പ്രത്യക്ഷപ്പെടാൻ അവിടുന്നു ശ്രമിച്ചില്ല. കാരണം, തനിക്കു മനുഷ്യരെ ഒന്നും ബോധ്യപ്പെടുത്തുകയോ അവരുടെ മുമ്പിൽ തന്നെ നീതികരിക്കുകയോ ചെയ്യേണ്ട കാര്യമില്ലായിരുന്നു. മനുഷ്യരുടെ അഭിപ്രായത്തെ, മാനത്തെ, വെറും ചവറായി അവിടുന്നു കണ്ടു.

ഇന്നത്തെ ക്രൈസ്തവ ലോകത്തിൽ അത്തരം നേതാക്കന്മാർ എവിടെയാണ്?

ദൈവത്തിൽ നിന്നു കേൾക്കുകയും അതു മാത്രം ചെയ്യുകയും

ചെയ്യുന്ന മല്ക്കീസേദെക്കിനെ പ്പോലെ നാം ജീവിക്കുന്നതിനെക്കുറിച്ച് ഒന്നു

**അദൃശ്യനായ ദൈവത്തേയും അദൃശ്യമായ സ്വർഗ്ഗത്തേയും ദൃശ്യവത്ക്കരിച്ച് ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതാകണം നമ്മുടെ വിശ്വാസം**




# ദൈവിക നന്മ



അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് യേശു അയ്യായിരം പേരെ ഊട്ടിയ കഥ ബൈബിളിലുണ്ട്. ഒരു ബാലനായിരുന്നു യേശുവിന് അഞ്ചപ്പവും രണ്ടു മീനും നൽകിയത്. ആ ബാലനെക്കുറിച്ച് ബൈബിളിലില്ലാത്ത ഒരു കഥ ഇവിടെ കുറിക്കട്ടെ:

യേശുവിനെ കാണാനും അവിടുത്തെ വാക്കുകൾ കേൾക്കാനും അതിയായ മോഹമായിരുന്നു ഈ ബാലന്. അങ്ങനെയാണ് അവൻ അതിരാവിലെ വീട്ടിൽനിന്ന് ഇറങ്ങിത്തിരിച്ചത്. മകൻ മടങ്ങിയെത്താൻ വൈകുമല്ലോ എന്നു കരുതി അമ്മ ഒരു സഞ്ചിയിൽ അഞ്ചപ്പവും പൊരിച്ച രണ്ടു മീനും അവന്റെ കൈയിൽ കൊടുത്തുവിട്ടു. ഇടയ്ക്ക് വിശക്കുമ്പോൾ കഴിക്കുവാൻ വേണ്ടി അവനു കൊടുത്തതായിരുന്നു അത്.

എന്നാൽ, യേശുവിന്റെ സമീപമെത്തിയ ബാലൻ വിശപ്പുപോലും മറന്ന് അവിടുത്തെ വചനങ്ങൾ കേട്ടുകൊണ്ടിരുന്നു. അപ്പോഴാണ് യേശുവിന്റെ ശിഷ്യരിൽ ചിലർ ആരുടെയെങ്കിലും കൈയിൽ ഭക്ഷണമുണ്ടോ എന്നു തിരക്കാൻ തുടങ്ങിയത്.



ഉടനേ അവൻ തന്റെ സഞ്ചിയിലുണ്ടായിരുന്ന അപ്പത്തിന്റെയും മീനിന്റെയും കാര്യമോർത്തു. ഒട്ടും മടിക്കാതെ അവൻ അവയെടുത്ത് യേശുവിന്റെ ശിഷ്യരെ ഏല്പിക്കുകയും ചെയ്തു.

യേശുവിന്റെ ശിഷ്യർ ആ അപ്പവും മീനും യേശുവിനെ ഏല്പിച്ചു. അവിടുന്നാകട്ടെ അവയെടുത്ത് ആശീർവദിച്ചശേഷം എല്ലാവർക്കും വിളമ്പിക്കൊടുക്കുവാൻ കല്പിച്ചു. ബാലൻ കൊടുത്ത അപ്പവും മീനും അവൻ നോക്കിനിൽക്കുമ്പോൾത്തന്നെ അദ്ഭുതകരമായി വർധിക്കാൻ തുടങ്ങി. യേശുവിന്റെ കൈയിൽനിന്നു തന്നെ അവനും വാങ്ങി വയർ നിറയെ ഭക്ഷിച്ചു.

എല്ലാവരും ഭക്ഷണം കഴിച്ചു തൃപ്തരായപ്പോൾ ഒട്ടേറെ അപ്പവും മീനും മിച്ചം. യേശുവിന്റെ ശിഷ്യർ നിർബന്ധിച്ചതനുസരിച്ച് തന്റെ സഞ്ചി നിറയെ അപ്പവും മീനും അവൻ വീട്ടിലേക്കു കൊണ്ടുപോയി. സഞ്ചി നിറയെ അപ്പവും മീനുമായി അവൻ വൈകുന്നേരം വീട്ടിൽ മടങ്ങിയെത്തിയപ്പോൾ അവന്റെ അമ്മയ്ക്ക് വിശ്വസിക്കാനായില്ല. എങ്കിലും ആ അമ്മയ്ക്ക് കാര്യം ഏതാണ്ടു മനസിലായി.

താൻ കണ്ടതും കേട്ടതും സാക്ഷ്യം വഹിച്ചതുമൊക്കെ വിവരിക്കുവാനുള്ള ആവേശത്തോടെയായിരുന്നു അവൻ വീട്ടിൽ തിരിച്ചെത്തിയത്. അവന്റെ അമ്മയ്ക്കാകട്ടെ ആ കഥകൾ കേൾക്കുവാൻ അതിലേറെ ആവേശമായിരുന്നു.

താൻ കൊടുത്ത അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് യേശു അയ്യായിരം പേരെ തീറ്റിപ്പോറ്റിയ കഥ പറഞ്ഞ് അവസാനിപ്പിച്ചശേഷം ആ ബാലൻ അമ്മയോടു ചോദിച്ചു: “അമ്മേ നാം യേശുവിനു കൊടുക്കുന്നതെല്ലാം ഇതുപോലെ അവിടുന്നു വർധിപ്പിക്കുമോ? നാം അവിടുത്തേക്കു കൊടുക്കുന്നതെന്തും ഇതുപോലെ കൂടുതലായി അവിടുന്നു മടക്കിത്തരുമോ?”

സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് ആ അമ്മ പറഞ്ഞു: “തീർച്ചയായും.” നാം യേശുവിന് എന്തു കൊടുത്താലും തന്റെ കൈകളിൽ അവിടുന്ന് അത് വർധിപ്പിക്കും വർധിപ്പിക്കുന്നവയിൽനിന്നു നമുക്ക് തിരികെത്തരുകയും ചെയ്യും.

പക്ഷേ, എങ്ങനെയാണ് യേശുവിനു കൊടുക്കുക? “ഈ ചെറിയവരിലൊരാൾക്കു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്തത്” എന്ന് അന്ത്യവിധിനാളിൽ താൻ പറയുമെന്ന് യേശു മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. അതായത്, നാം മറ്റുള്ളവർക്ക്, പ്രത്യേകിച്ച് ദരിദ്രർക്കും ആലംബഹീനർക്കുമൊക്കെ, കൊടുക്കുമ്പോൾ യഥാർത്ഥത്തിൽ അവിടുത്തേക്കു തന്നെയാണ് കൊടുക്കുന്നതെന്നർത്ഥം.

നാം അവിടുത്തേക്കു കൊടുക്കുമ്പോൾ അവ പല മടങ്ങായി അവിടുന്നു വർധിപ്പിക്കും. അങ്ങനെ അവിടുന്നു വർധിപ്പിക്കുന്നവയിൽ നല്ലൊരുപങ്ക് അവിടുന്നു നമുക്ക് തിരികെത്തരും എന്നതാണു വസ്തുത. അപ്പത്തിന്റെയും പണത്തിന്റെയും കാര്യത്തിൽ മാത്രമല്ല ഇതു സംഭവിക്കുന്നത്.

നാം യേശുവിന്റെ നാമത്തിൽ ആർക്കെങ്കിലും സ്നേഹം നൽകിയാൽ അവിടുന്ന് ആ സ്നേഹമെടുത്ത് വർധിപ്പിച്ച് അതിലൊരു ഭാഗം നമുക്ക് തിരികെ തരുമെന്നതിൽ സംശയം വേണ്ട. അതുപോലെ യേശുവിന്റെ നാമത്തിൽ നാം ആരോടെങ്കിലും അനുകമ്പ കാട്ടിയാൽ അതു വർധിപ്പിച്ച് അതിൽ നല്ലൊരു പങ്ക് നമുക്ക് തിരികെത്തരികതന്നെ ചെയ്യും.

നാം ആരോടെങ്കിലും ക്ഷമിക്കുകയാണെന്നു കരുതുക. നമ്മുടെ ഈ നല്ല പ്രവൃത്തി അവിടുന്ന് തന്റെ കൈയിലെടുത്ത് വർധിപ്പിക്കുന്നതോടൊപ്പം അവിടുന്ന് നമ്മോട് നമ്മുടെ കുറ്റങ്ങൾ ഹൃദയപൂർവം ക്ഷമിക്കുകയും ചെയ്യും. നാം യേശുവിന്റെ നാമത്തിൽ ചെയ്യുന്ന എല്ലാ നല്ല പ്രവൃത്തികൾക്കും ഇതേ ഫലം തന്നെ ലഭിക്കും.

യേശുവിന് അഞ്ചപ്പവും രണ്ടു മീനും നല്കിയ ബാലനെപ്പോലെ ഹൃദയപൂർവം നമുക്കും മറ്റുള്ളവർക്കു കൊടുക്കാൻ ശ്രമിക്കാം. നാം മറ്റുള്ളവർക്കു കൊടുക്കുന്നത് സന്തോഷപൂർവം അവരുടെ നന്മയ്ക്കുവേണ്ടിയാണെങ്കിൽ യേശു അതു വർധിപ്പിച്ച് നല്ലൊരു പങ്ക് നമുക്കു തിരികെത്തരുകതന്നെ ചെയ്യും.

എന്നാൽ, നാം കൊടുക്കുന്നത് കൂടുതൽ ലഭിക്കുക എന്ന ലക്ഷ്യത്തോടെ ആകാതിരിക്കട്ടെ. നമുക്കു തിരികെ നൽകുന്ന കാര്യം അവിടുന്നു തീരുമാനിക്കുന്നതാണ് നമ്മുടെ നന്മയ്ക്ക് എപ്പോഴും നല്ലത്.



# തിരക്കിട്ട യാത്ര




പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ചാൾസ് ഡാർവിന്റെ ശിഷ്യനായിരുന്നു തോമസ് ഹക്സ്ലി (1825–1895). ശാസ്ത്രജ്ഞൻ, ഗ്രന്ഥകാരൻ, അധ്യാപകൻ എന്നീ നിലകളിൽ പ്രസിദ്ധനായ ഈ ബ്രിട്ടീഷ് പ്രതിഭാശാലിയെക്കുറിച്ച് ഒരു കഥയുണ്ട്.

ഒരിക്കൽ ഹക്സ്ലി അയർലൻഡിലെ ഡബ്ലിൻ നഗരത്തിൽ ഒരു പ്രഭാഷണ പരമ്പര നൽകാൻ എത്തി. പല ദിവസങ്ങൾ നീണ്ടുനിന്ന പ്രഭാഷണ പരമ്പര വലിയ വിജയമായിരുന്നു. ഡബ്ലിനിലെ പരിപാടി കഴിഞ്ഞ ഉടനേ അദ്ദേഹത്തിന് അടുത്തുള്ള ഒരു പട്ടണത്തിൽ മറ്റൊരു പരിപാടിയിൽ പങ്കെടുക്കാനുണ്ടായിരുന്നു.

എത്രയുംവേഗം യാത്ര പുറപ്പെടാനുള്ള തിടുക്കത്തിൽ ഹോട്ടൽ മുറിയിൽ നിന്നു ബാഗും മറ്റു വ്യക്തിപരമായ സാധനങ്ങളുമെല്ലാം എടുത്തുകൊണ്ട് അദ്ദേഹം ഒരു കുതിരവണ്ടിയിൽ കയറി. ടാക്സിയായി ഓടിയിരുന്ന ആ കുതിരവണ്ടിയിൽ കയറിയ ഉടനേ ഹക്സ്ലി കുതിരവണ്ടിക്കാരനോടു പറഞ്ഞു: “വേഗം പോകൂ. ഇപ്പോൾത്തന്നെ ഞാൻ വളരെ ലേറ്റായി”.

കുതിരവണ്ടിക്കാരൻ കുതിരകളെ ചാട്ടവാറുകൊണ്ടടിച്ച് വണ്ടി അതിവേഗം പായിച്ചു. വണ്ടി പായുന്നതു കണ്ടപ്പോൾ താൻ ഉടനേ തന്നെ ലക്ഷ്യസ്ഥാനത്തെത്തുമല്ലോ എന്നോർത്ത് അദ്ദേഹം ആശ്വസിച്ചു. പിന്നെ അദ്ദേഹം കണ്ണുകളടച്ച് അല്പം വിശ്രമിക്കാൻ ശ്രമിച്ചു.

കുറേ കഴിഞ്ഞപ്പോൾ ഹക്സ്ലി കണ്ണുതുറന്ന് പുറത്തേക്കു നോക്കി. അപ്പോൾ അദ്ദേഹത്തിന് തന്റെ കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല. കാരണം, അദ്ദേഹത്തിന് പോകേണ്ടിയിരുന്ന സ്ഥലത്തിന്റെ നേരേ എതിർദിശയിലേക്കായിരുന്നു കുതിരവണ്ടി അപ്പോൾ പൊയ്ക്കൊണ്ടിരുന്നത്.



ഹക്സ്ലി തന്റെ സീറ്റിൽനിന്നു മുന്നോട്ടാഞ്ഞ് കുതിരവണ്ടിക്കാരനോടു ചോദിച്ചു: നിങ്ങൾ എങ്ങോട്ടാണുപോകുന്നതെന്ന് അറിയാമോ?. പിന്തിരിഞ്ഞുനോക്കാതെ കുതിരവണ്ടിക്കാരൻ പറഞ്ഞു: എനിക്കറിയില്ല, സാർ. പക്ഷേ, പോകാവുന്നത്രയും വേഗത്തിലാണു ഞാൻ പോകുന്നത്.

ഇതൊരു യഥാർത്ഥ കഥയാണ്! കുതിരവണ്ടിയിൽ കയറിയ ഹക്സ്ലി വിചാരിച്ചതു ഹോട്ടൽ മാനേജർ കുതിരവണ്ടിക്കാരനോടു തന്റെ ലക്ഷ്യസ്ഥാനത്തെക്കുറിച്ചു മുൻകൂട്ടി പറഞ്ഞിട്ടുണ്ട് എന്നായിരുന്നു. കുതിരവണ്ടിക്കാരൻ വിചാരിച്ചത് തന്റെ വണ്ടി സാധാരണ പോയിരുന്ന റൂട്ടിലൂടെയാണ് ഹക്സ്ലിക്കു പോകേണ്ടിയിരുന്നത് എന്നും!

വേഗത്തിലുള്ള യാത്ര സുരക്ഷിതവുമാണെങ്കിൽ അതു നല്ലതുതന്നെ. എന്നാൽ, നമ്മുടെ യാത്ര എങ്ങോട്ടാണെന്ന് നമുക്കറിയാൻ പാടില്ലെങ്കിലോ? അപ്പോൾ കാര്യങ്ങൾ അപ്പാടെ തകിടം മറിയും. വേഗത്തിൽ പോകുന്ന കാര്യത്തെക്കുറിച്ചു മാത്രമേ ഹക്സ്ലിയുടെ കുതിരവണ്ടിക്കാരൻ ചിന്തിച്ചുള്ളു. അദ്ദേഹത്തിന് പോകേണ്ടിയിരുന്നത് എങ്ങോട്ടാണെന്ന് അയാൾ ചോദിച്ചില്ല.

ജീവിതമാകുന്ന നമ്മുടെ യാത്രയിൽ നമുക്കൊക്കെ പല ലക്ഷ്യങ്ങളുണ്ടാകും. അതുപോലെ അവയെല്ലാം നേടിയെടുക്കാൻ നാം വിവിധ മാർഗങ്ങളും ആരാഞ്ഞെന്നിരിക്കും. എന്നാൽ, നമ്മിലെത്രപേർക്ക് നമ്മുടെ ജീവിത ലക്ഷ്യത്തെക്കുറിച്ചു ശരിയായ അവബോധമുണ്ട്? അതുപോലെ, നമ്മുടെ ജീവിതലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടി നാം തെരഞ്ഞെടുക്കുന്ന വഴികളെക്കുറിച്ച് നമുക്കെത്രമാത്രം ഉറപ്പും തീർച്ചയുമുണ്ട്?

ഇഹലോകജീവിതത്തിൽ സന്തോഷവും സമാധാനവും പരലോകത്തിൽ നിത്യജീവനും നിത്യാനന്ദവുമാണ് സാധാരണ രീതിയിൽ നമ്മുടെയെല്ലാവരുടെയും ജീവിതത്തിന്റെ പരമലക്ഷ്യം. എന്നാൽ, നമ്മുടെ ജീവിതയാത്രയിൽ പലപ്പോഴും നാം മറ്റു ലക്ഷ്യങ്ങളിലല്ലേ ശ്രദ്ധ വയ്ക്കുന്നത്? അതുപോലെ, നേരായ മാർഗം വെടിഞ്ഞ് വളഞ്ഞ വഴികളിലൂടെയും നമ്മുടെ കൊച്ചുകൊച്ചു മോഹങ്ങൾ സാധിതമാക്കാൻ നാം ശ്രമിക്കാറില്ലേ?

നമ്മുടെ അനുദിനജീവിതത്തിലെ ലക്ഷ്യങ്ങൾ നമ്മുടെ പരമമായ ജീവിതലക്ഷ്യപ്രാപ്തിക്ക് സഹായകമാകുമെന്നു നാം ഉറപ്പുവരുത്തിയേ മതിയാകൂ. അതുപോലെതന്നെ, നമ്മുടെ ലക്ഷ്യപ്രാപ്തിക്കു നാം തെരഞ്ഞെടുക്കുന്ന വഴികളും അതിനു യോജിച്ചതാണെന്ന് നാം ഉറപ്പുവരുത്തണം. എങ്കിൽ മാത്രമേ, നമ്മുടെ ജീവിതം താളം തെറ്റാതെ അതിന്റെ അന്ത്യത്തിലെത്തുകയുള്ളു.

നമുക്കു വഴിതെറ്റിയാൽ നമ്മുടെ ഓട്ടം വേഗത്തിലാകും എന്ന് മനഃശാസ്ത്രജ്ഞനായ റോളോ മേയ് ഒരിക്കൽ എഴുതിയത് ഓർമിക്കുന്നു. നമ്മുടെ ലക്ഷ്യപ്രാപ്തിക്കായി നാം തെരഞ്ഞെടുക്കുന്ന വഴികൾ തെറ്റായിട്ടുള്ളതാണെങ്കിൽ ആ വഴികളിലൂടെ നാം വേഗത്തിൽ നാശത്തിലെത്തുമെന്നു സാരം.

നമ്മുടെ ജീവിതം പരാജയത്തിൽ കലാശിക്കാൻ നാമാരും ആഗ്രഹിക്കുന്നില്ല. എന്നാൽ, നമ്മുടെ ജീവിതത്തെ പരാജയത്തിലേക്കു നയിക്കുന്ന വഴികളിൽ നിന്ന് അകന്നുനിൽക്കാൻ നമുക്ക് പലപ്പോഴും വൈമുഖ്യമാണെന്നു മാത്രം. തന്മൂലമല്ലേ നമ്മുടെ ജീവിതത്തിൽ പലപ്പോഴും പാളിച്ചകൾ സംഭവിക്കുന്നത്?

നമ്മുടെ ജീവിതലക്ഷ്യത്തെക്കുറിച്ച് എപ്പോഴും ശരിയായ അവബോധം നമ്മിലുണ്ടാകാൻ നമുക്കു ശ്രദ്ധിക്കാം. അതുപോലെ, നമ്മുടെ ജീവിതലക്ഷ്യപ്രാപ്തിക്കായി നാം കയറുന്ന വണ്ടി ശരിയായ ലക്ഷ്യത്തിലേക്കാണു പോകുന്നതെന്നും ഉറപ്പുവരുത്താം. അപ്പോൾ, നാം പ്രതീക്ഷിക്കുന്നതുപോലെ നമ്മുടെ ജീവിതയാത്ര അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തിക്കൊള്ളും.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി



**എന്താണ് ശാസ്ത്രം? എന്താണ് ക്രിസ്തീയ വിശ്വാസം? ബിഗ്ബാങ് അസ്വീകാര്യമാകുന്നത് എന്തുകൊണ്ട്? പരിണാമത്തെ പുറന്തള്ളി സൃഷ്ടിവാദം-ദൈവവിശ്വാസം എന്തിനു സ്വീകരിക്കണം?**

- പ്രൊഫ.എസ്.ശ്രീകുമാർ, ശാസ്ത്രപരിഷത്ത്, ചൊവ്വല്ലൂർ, വിളപ്പിൽശാല, കാട്ടാക്കട

**വി**ശ്വാസം എന്ന് പറഞ്ഞാൽ എന്താണെന്ന് നമുക്കൊന്ന് നോക്കാം

വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയമാണ് എന്ന് പറയുമ്പോൾ അത് അശാസ്ത്രീയവും അന്ധവിശ്വാസവും എന്ന് തോന്നാമെങ്കിലും അനുഭവവേദ്യമായ യാഥാർത്ഥ്യമാണ്. അറിഞ്ഞ് അനുഭവിക്കുവാൻ സാധിക്കുന്നതിലൂടെ ജീവിതത്തിൽ യാഥാർത്ഥ്യമായി തീരുന്നതാണ് വിശ്വാസം. ഒരാളുടെ അറിവിനെ നിഷേധിക്കാൻ സാധിക്കും, എന്നാൽ അനുഭവത്തെ നിഷേധിക്കാൻ സാധിക്കില്ല. അറിവിലൂടെയും അനുഭവത്തിലൂടെയും ലഭ്യമാകുന്ന വിശ്വാസം യുക്തിക്കും ബുദ്ധിക്കും ഉൾക്കൊള്ളാൻ കഴിയുന്നതും വസ്തുതകൾക്ക് നിരക്കുന്നതുമായ യാഥാർത്ഥ്യം തന്നെയാണ്. ദൈവവിശ്വാസത്തിന് മാത്രമല്ല വിശ്വാസം അനിവാര്യമായിരിക്കുന്നത് ശാസ്ത്രീയ ചിന്തകൾക്കും അനുമാനങ്ങളിൽ അധിഷ്ഠിതമായവിശ്വാസം അനിവാര്യമാണ്.

ദൈവവിശ്വാസത്തിന്റെ അനിവാര്യത നമുക്കൊന്നു പരിശോധിക്കാം. സത്യമെന്നും മാറ്റമില്ലാത്തതെന്നും നാം ധരിച്ചിരുന്ന പല ധാരണകളും പുതിയ അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ പൊളിച്ചെഴുതിയിട്ടുള്ളവരാണ് നാമെല്ലാവരും. അറിവിന്റെ നിറകുടങ്ങളെന്ന് പലരും കരുതുന്ന പണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും ഇതിന് അതീതരല്ല. പുതിയ അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ ശാസ്ത്രജ്ഞന്മാർ അന്നുവരെ അംഗീകരിച്ചിരുന്ന തിയറികളിലും പഠിപ്പിക്കലുകളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നു. അന്വേഷിച്ചു കണ്ടുപിടിക്കാവുന്നവയെപ്പറ്റിയുള്ള ധാരണകളുടെ സ്ഥിതിയിതാണെങ്കിൽ മറഞ്ഞിരിക്കുന്നതായ പൂർണ്ണമായി വെളിപ്പെട്ടിട്ടില്ലാത്ത താത്വികമായ വിഷയങ്ങളുടെ കാര്യം പറയാതിരിക്കുകയാണ് ഭേദം.

ഞാൻ ഒരു കാലത്തു ദൈവം ഇല്ല എന്ന ധാരണ കുറച്ചു കാലം കൊണ്ടു നടന്നു. യഥാർത്ഥ അറിവ് നമ്മെത്തന്നെ അറിയുക എന്നതാണ്. നാം ആരാണ്? നാം എവിടെ നിന്ന് വന്നു? എവിടേക്കു പോകുന്നു? എത്ര കാലം ഇവിടെ കാണും? ഇവിടെ ആയിരിക്കുന്നതിന്റെ ഉദ്ദേശ്യം എന്ത്? ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനുള്ള വഴികൾ എന്തൊക്കെയാണ്? ഈ അറിവുതന്നെയാണ് യഥാർത്ഥ അറിവ്. ഈ അറിവിനനുസരിച്ച് ജീവിതം ക്രമീകരിക്കുകയായിരിക്കണം ജീവിതലക്ഷ്യം. ലക്ഷ്യത്തെപ്പറ്റിയും സഞ്ചരിക്കേണ്ട മാർഗ്ഗത്തെപ്പറ്റിയും വ്യക്തമായ അറിവില്ലായെങ്കിൽ ലക്ഷ്യത്തിലെത്താതെ അലഞ്ഞുതിരിയേണ്ടിവരും.

യഥാർത്ഥത്തിൽ നാമാരാണ്? നാമെങ്ങനെ ഇവിടെ വന്നുപെട്ടു. പരിണാമപ്രക്രിയയിലൂടെ പതിനായിരക്കണക്കിന് വർഷങ്ങൾകൊണ്ട് ആവിർഭവിച്ചതാണോ? ശാസ്ത്രത്തിന്റെ പേരിൽ ശാസ്ത്രജ്ഞന്മാരെന്ന് അവകാശപ്പെടുന്ന ചിലർ മുന്നോട്ടു വെച്ച തിയറികൾ എന്നതിൽ കവിഞ്ഞ് ഈ തിയറികൾ പഠിപ്പിക്കുന്നവർക്കുപോലും അവർ പഠിപ്പിക്കുന്നത് സത്യമാണോ എന്ന് നിശ്ചയമില്ല. ശാസ്ത്രമെന്നു പറയുമ്പോൾ പരീക്ഷണശാലകളിൽ തെളിയിച്ചിട്ടുള്ളതായിരിക്കണം എന്നാണ് വിവക്ഷിക്കുന്നത്. ഈ പരിണാമ തിയറികൾ ചിലരുടെ സങ്കല്പങ്ങളെന്നതിൽ കവിഞ്ഞ് അതിൽ ശാസ്ത്രീയമായി ഒന്നുമില്ല എന്നു പറയാം. ഒന്നും പരീക്ഷണ നിരീക്ഷണങ്ങളിലൂടെ തെളിയിച്ചിട്ടുള്ളതല്ല, തെളിയിക്കാവുന്നതുമല്ല.

കാരണമില്ലാതെ ഒരു കാര്യം ഉണ്ടാവുക സാദ്ധ്യമല്ല എന്ന് ശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്ന അലംഘനീയമായ ഒരു നിയമവും തത്വസംഹിതയുമാണ്. ശാസ്ത്രജ്ഞന്മാരുടെ ശ്രമം തന്നെ കാര്യത്തിന്റെ കാരണം അന്വേഷിക്കുകയാണല്ലോ? പരിണാമസിദ്ധാന്തത്തിന് സകലത്തിന്റെയും ഉറവിടമായ മൂലകങ്ങളുടെ കാരണത്തെപ്പറ്റി ഒന്നും പറയാനില്ല. മൂലകങ്ങൾ കോമ്പൗണ്ടുകളായി മാറി എന്നും അതിൽ നിന്നും ജീവൻ ഉത്ഭവിച്ചു എന്നാണല്ലോ അവരുടെ വാദം. എന്നാൽ ഈ പ്രക്രിയയിൽ ഉയർന്നുവരുന്ന പല ചോദ്യങ്ങൾക്കും ഉത്തരമില്ല എന്നതാണ് യാഥാർത്ഥ്യം. ഒരിക്കൽ പരിണാമസിദ്ധാന്തം പഠിപ്പിക്കാൻ ശ്രമിച്ച ഒരു യുക്തിവാദി തന്റെ വാദങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചു പരാജയപ്പെട്ടപ്പോൾ അഭിപ്രായപ്പെട്ടത് മൂലകങ്ങൾ സൃഷ്ടിച്ചു എന്ന് വിശ്വസിക്കുകയല്ലാതെ മറ്റു വഴിയൊന്നുമില്ല എന്നാണ്. മൂലകങ്ങളെ ദൈവം സൃഷ്ടിച്ചുവെങ്കിൽ ദൈവത്തിന് ജീവൻ സൃഷ്ടിക്കാൻ കഴിയും എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.



മാറ്റമില്ലാത്ത തെളിയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലല്ല ഈ തിയറികൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി ഒരു വസ്തുവിന്റെ നീളം 10 സെന്റീമീറ്റർ എന്നും സമയം ഒരു മണിക്കൂർ എന്നും പറയുമ്പോൾ നിശ്ചിതമായ ഒരു മാനദണ്ഡത്തോടെയുള്ള താരതമ്യത്തിലാണ് ഒരു നിഗമനത്തിൽ എത്തുന്നത്. എന്നാൽ പരിണാമസിദ്ധാന്തത്തിൽ അവകാശപ്പെടുന്ന കാലഘട്ടത്തിനെ താരതമ്യം ചെയ്യാൻ ആവശ്യമായ മാനദണ്ഡം അല്ലെങ്കിൽ കാലപ്പഴക്കം തെളിയിക്കാൻ ആവശ്യമായ മാനദണ്ഡങ്ങൾ ലഭ്യമല്ലാത്തതുകാരണം ചില ഊഹങ്ങളുടെ അടിസ്ഥാനത്തിലാണ് കാലനിർണ്ണയം നടത്തിയിരിക്കുന്നത്. ഉദാഹരണമായി ഒരു വസ്തുവിന് 1000 വർഷത്തെ പഴക്കമുണ്ട് എന്നു പറയണമെങ്കിൽ 10,000 വർഷം പഴക്കമുള്ള ഒരു വസ്തു മാനദണ്ഡമായി ഉണ്ടായിരിക്കണം. ആ മാനദണ്ഡത്തിലുള്ള താരതമ്യത്തിലാണ് നാം കാലദൈർഘ്യം ഗണിക്കേണ്ടത്. അതുകൊണ്ട് ഈ തിയറികളൊന്നും ശാസ്ത്രീയമാണ് എന്ന് പറയുക സാദ്ധ്യമല്ല. കാർബൺ ഡേറ്റിംഗ് ചില ഊഹങ്ങളുടെ അടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്തിട്ടുള്ളതാണ്.

ശാസ്ത്രീയമാണ്, സത്യമാണ് എന്ന് ചിന്തിച്ചിരുന്ന പല വിഷയങ്ങളും അടുത്ത കാലത്തുതന്നെ അത് ശരിയല്ലായിരുന്നു എന്നു തെളിയുന്നതിനുകാരണം ശാസ്ത്രീയം എന്നു പറയുന്ന പഠനരീതികളിലുള്ള അശാസ്ത്രീയത കാരണമാണ്. ശാസ്ത്രജ്ഞന്മാർ എന്ന് അവകാശപ്പെടുന്ന ചിലർ മുന്നോട്ടുവെച്ച മറ്റൊരു തിയറിയാണ് ബിഗ്ബാംഗ് തിയറി അഥവാ ആദിയിൽ നടന്നതെന്നു പറയപ്പെടുന്ന ഒരു പൊട്ടിത്തെറി. ഒരു ദിവാസ്വപ്നം എന്നതിൽ കവിഞ്ഞ് ഈ തിയറിയിൽ ശാസ്ത്രീയമായി ഒന്നുമില്ല എന്നു പറയാം. പൊട്ടിത്തെറിയുടെ കാരണത്തെപ്പറ്റിയോ അതിലെ വസ്തുവിന്റെ ഉറവിടത്തെപ്പറ്റിയോ ചോദിച്ചാൽ അതിന് അവർക്ക് ഉത്തരമില്ല.



നിത്യജീവിതത്തിൽ നാം പലപ്പോഴും പൊട്ടിത്തെറികൾ കാണാറുണ്ട്. അതിനുശേഷം ചുറ്റുപാടും നിരീക്ഷിച്ചാൽ കാര്യങ്ങൾക്കൊന്നും ഒരു അടുക്കും ചിട്ടയും ഉണ്ടാവില്ല. ബിഗ്ബാംഗ് എന്ന പൊട്ടിത്തെറിക്കുശേഷം അനേക ലക്ഷങ്ങളായ നക്ഷത്രങ്ങളും ഗ്രഹസമൂഹങ്ങളും ഇന്ന് കാണുന്നതുപോലെ കിറുകൃത്യമായി സഞ്ചരിക്കുന്ന ഭ്രമണപഥത്തിൽ വന്നുവീണുവെന്ന് ചിന്തിക്കുന്നത് കണ്ണടച്ച് ഇരുട്ടാക്കുന്നവർക്ക് മാത്രമേ സാധിക്കുകയുള്ളൂ.

അതിനുശേഷം പരിണാമം മൂലമാണ് മനുഷ്യൻ ഉടലെടുത്തതെങ്കിൽ മനുഷ്യൻ ഉടലെടുക്കുന്നത് അനുകൂലമായ സാഹചര്യം ഭൂമിയിൽ തന്നെ പല സ്ഥലങ്ങളിലും നിലനിന്നിരുന്നതു കാരണം ഒരേസമയത്ത് പല സ്ഥലങ്ങളിൽ മനുഷ്യർ പരിണാമം മൂലം വെളിപ്പെടണമായിരുന്നു. എന്നാൽ ശാസ്ത്രം സമ്മതിക്കുന്നത് ഇന്ന് ഭൂമിയിലുള്ള മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളിൽ നിന്ന് ജന്മമെടുത്തവരാണെന്നാണ്.

ചിലർ ചിന്തിക്കുന്നതുപോലെ ശാസ്ത്രം ദൈവത്തിന്റെ അധികാരപരിധിക്കു പുറത്തല്ല. ശാസ്ത്രത്തിലെ തത്വങ്ങളും കണ്ടുപിടുത്തങ്ങളും ദൈവം രൂപകല്പന ചെയ്തിട്ടുള്ളതാണ്. ദൈവം അതതു സമയങ്ങളിൽ ശാസ്ത്രസത്യങ്ങൾ വെളിപ്പെടുത്താൻ നാം ശാസ്ത്രജ്ഞർ എന്നു വിളിക്കുന്ന ചില വ്യക്തികളെ തിരഞ്ഞെടുത്തു. പടിപടിയായി അവരിൽക്കൂടി ശാസ്ത്രസത്യങ്ങൾ വെളിപ്പെടുത്തിയിരിക്കുകയാണ്.

ക്രിസ്തുവിന് 2000 വർഷം മുമ്പ് ജീവിച്ചിരുന്ന ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന അബ്രഹാമിന്റെ കാലഘട്ടം ഇന്നുള്ള ആധുനികയുഗവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പ്രാകൃത അവസ്ഥയിലായിരുന്നു. ഇന്നുള്ള ജീവിതസൗകര്യങ്ങൾ ഒന്നും തന്നെ അന്നില്ലായിരുന്നു.

എങ്കിലും വസ്തുവിനെ ഊർജ്ജവും, ഊർജ്ജത്തെ വസ്തുവായും മാറ്റാമെന്ന് ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്ന സ്ഥിതിക്ക് ഊർജ്ജത്തിന്റെ പരമോന്നത സ്രോതസ്സായ ദൈവത്തിന് ഊർജ്ജത്തെ വസ്തുവാക്കി മാറ്റി ഈ അഖിലാണ്ഡത്തെ സൃഷ്ടിക്കുക അസാദ്ധ്യമാണോ?

സത്യം അന്വേഷിച്ച് കണ്ടുപിടിക്കുക നമ്മുടെ ഓരോരുത്തരുടെ ഉത്തരവാദിത്വമാണ്. ഒരു നല്ല കൂട്ടം ആളുകൾ സത്യത്തെപ്പറ്റി ആലോചിച്ച് തല പുണ്ണാക്കാറില്ല. സത്യം എന്താണ് എന്നറിയില്ല എന്ന് അവർ സമ്മതിക്കുന്നു. അതറിയാൻ അവർക്ക് വലിയ താല്പര്യവുമില്ല.

ഇവരെ agnostic എന്നു വിളിക്കുന്നു. ജീവിതയാത്രയിലെ കമനീയമായ ആകർഷകമായ വസ്തുക്കളിലും കാഴ്ചകളിലും കേന്ദ്രീകരിച്ച് അവരങ്ങനെ നീങ്ങുകയാണ്. നിരീശ്വരവാദികളായ പലരും അവർ ഇപ്പോൾ ആയിരിക്കുന്ന ജീവിതരീതിയാണ് അവരെ അതിനു പ്രേരിപ്പിക്കുന്നത്. ആ ജീവിതരീതിയിൽ മാറ്റം വരുത്താൻ അവർക്ക് താല്പര്യമില്ല. അതിന് കണ്ണടച്ച് ഇരുട്ടാക്കുകയാണ് അഭികാമ്യം.

'ദൈവം എന്നതിനേക്കാൾ സമഗ്രവും സമ്പൂർണ്ണവുമായ ഒരാശയം മനുഷ്യൻ ആവിഷ്കരിച്ചിട്ടില്ല. ഭയം, അതിശയം, നീതിബോധം, പാരസ്പര്യം, പ്രേമം, ത്യാഗം, ശാന്തി, യാദൃച്ഛികത, ഗതീയത, പ്രതീക്ഷ, മോഹം, നിസ്സഹായത, അർത്ഥന, പ്രാമാണികത, എന്നിങ്ങനെ വൈവിദ്ധ്യമുള്ള ഒട്ടേറെ നൂലിഴകൾ കൊണ്ട്, നൂറ്റാണ്ടുകളായി ശാസ്ത്ര ബുദ്ധിയോടുകൂടിയും സ്വാരസ്യത്തോടുകൂടിയും, മനുഷ്യന്റെ ചിന്താമണ്ഡലത്തിൽ ആത്മാവിൽ നിറഞ്ഞുനിൽക്കുന്ന അത്ഭുത പ്രതിഭാസമാണ് ദൈവം. സ്വന്തം കൈകൊണ്ട് നിർമിച്ച ഭവനത്തിൽ ഒരുവൻ അഭയം കണ്ടെത്തുന്നതുപോലെ ഒരുവൻ അവന്റെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന ദൈവത്തിൽ ശാന്തിയും സമാധാനവും സന്തോഷവും ആരോഗ്യവും അനുഗ്രഹവും അന്വേഷിക്കുന്നു, കണ്ടെത്തുന്നു. അതൊരു ശാസ്ത്രജ്ഞന്റെ കണ്ടെത്തലല്ല. ഒരു മനുഷ്യൻ എന്ന നിലയിലുള്ള കണ്ടെത്തലാണ്. സത്യത്തിന്റെ രഹസ്യമൊന്നും ശാസ്ത്രത്തിന്റെ പക്കൽ ഇല്ല. അനുഭവ യാഥാർത്ഥ്യമായ സത്യത്തിനു മുൻപിൽ ശാസ്ത്രത്തിന് മുട്ടുമടക്കാതെ നിവൃത്തിയില്ല.

ചന്തമേറിയ പൂവിലും ശഭളാഭമാം ശലഭത്തിലും  
സന്തതം കരതാരിയന്നൊരു ചിത്രചാതുരി കാട്ടിയും  
ഹന്ത! ചാരു കടാക്ഷമാലകളർക്ക രശ്മിയിൽ നീട്ടിയും  
ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങുമീശനെ വാഴ്ത്തുവിൻ.

WEBSITE vedabhimani.com
FACE BOOK vedabhimani
MAIL vedabhimani@gmail.com
YouTube vedabhimani.com

# VEDABHIMANI

EXPERIENCE THE POWER OF TRUTH

*Annual Subscription Rs. 250/-*

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Sept: 2023 at RMS Kayamkulam
Published on Ist Sept: 2023
RNI Registered No. KERMAL/2002/7361

## അതുല്യ സൃഷ്ടികൾ



**ബി.**സി നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്ക് ചിത്രകാരനായിരുന്നു അപെല്ലസ്. അസാധാരണ പ്രതിഭാശാലിയായിരുന്ന അദ്ദേഹം തന്റെ ചിത്രങ്ങൾക്ക് പൂർണത കൈവരുത്തുന്നതിൽ എപ്പോഴും ശ്രദ്ധാലുവായിരുന്നു. തന്മൂലം അദ്ദേഹം തന്റെ പല പെയിന്റിംഗുകളും വീണ്ടും വീണ്ടും ടച്ചു ചെയ്യുക പതിവായിരുന്നു.



ഒരിക്കൽ അദ്ദേഹം തന്റെ ഒരു ചിത്രത്തിന്റെ മിനുക്കുപണികൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരാൾ അദ്ദേഹത്തോടു ചോദിച്ചു: "എന്തുകൊണ്ടാണ് താങ്കൾ വീണ്ടും വീണ്ടും താങ്കളുടെ ചിത്രങ്ങൾക്ക് മിനുക്കുപണികൾ ചെയ്യുന്നത്?" അദ്ദേഹം പറഞ്ഞു: കാരണം, ഞാൻ ചിത്രം വരയ്ക്കുന്നതു നാളേക്കുവേണ്ടിയാണ്. തന്റെ അതുല്യസൃഷ്ടികൾ നിത്യകാലംവരെ നിലനിൽക്കണമെന്ന മോഹമുള്ള കലാകാരനായിരുന്നു അപെല്ലസ്. അതുപോലെ തന്റെ കലാസൃഷ്ടികൾക്ക് എക്കാലവും അംഗീകാരം ലഭിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. തന്മൂലമാണ് വളരെ ശ്രദ്ധാപൂർവ്വം ചിത്രങ്ങൾ വരയ്ക്കുവാൻ അദ്ദേഹം തയാറായത്.

നിത്യതവരെ നീണ്ടുനിൽക്കുന്ന ജീവിതം ആഗ്രഹിക്കുന്നവരാണ് നാമെല്ലാവരും. അതുപോലെ, നമ്മുടെ നിത്യകാല ജീവിതം ഏറ്റവും സന്തോഷപൂർണമായിരിക്കണമെന്നും നാം ആഗ്രഹിക്കുന്നു. എന്നാൽ, അതിനായി നാം ഇപ്പോൾ എന്തുചെയ്യുന്നു എന്നതാണ് പ്രധാനപ്പെട്ട കാര്യം.

നിത്യസൗഭാഗ്യത്തിലേക്ക് കണ്ണുംനട്ടിരിക്കുന്ന നമ്മൾ ആ സൗഭാഗ്യം ഉറപ്പുവരുത്തുവാനായി ഇപ്പോൾ എന്തുചെയ്യുന്നു എന്ന് ആലോചിക്കുന്നത് നല്ലതാണ്.

## മോശയെക്കാൾ വലിയവൻ

שמונה מעלות יש בצדקה זו למעלה מזו. מעלה גדולה שאין למעלה ממנה זה המחזיק ביד ישראל שמך ונותן לו מתנה או הלואה או עושה עמו שתפות או ממציא לו מלאכה כדי לחזק את ידו עד שלא יצטרך לבריות...

**യ**ഹൂദരുടെ മതഗ്രന്ഥമാണ് താൽമുദ്. ആ ഗ്രന്ഥത്തിൽനിന്നുള്ള ഒരു ഉദ്ധരണി ശ്രദ്ധിക്കൂ: ദരിദ്രർക്കു ധർമം കൊടുക്കുന്നവൻ മോശയേക്കാൾ മഹാനാണ്.

യഹൂദജനതയ്ക്ക് എന്നും ആരാധ്യനായ നേതാവാണു മോശ. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഇസ്രയേൽ ജനതയെ രക്ഷിക്കുവാൻ ദൈവം തെരഞ്ഞെടുത്ത നേതാവ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു ഇസ്രയേൽ ജനം തേനും പാലും ഒഴുകുന്ന കാനാൻ ദേശത്തെത്തിയത്.



സീനായ് മലയിൽ വച്ച് ഇസ്രയേൽ ജനതയ്ക്കു ദൈവം പത്തു കല്പനകൾ നൽകിയത് മോശവഴിയായിരുന്നു. ഇവയെല്ലാം മൂലം മോശയേക്കാൾ ഉന്നതനായ മറ്റൊരു മനുഷ്യനെ വിഭാവനം ചെയ്യുവാൻ ഇസ്രയേൽ ജനതയ്ക്ക് എളുപ്പമല്ല. എങ്കിലും ദരിദ്രർക്ക് ദാനം ചെയ്യുന്നവനാരോ അവൻ മോശയേക്കാൾ മഹാനാണ് എന്ന് എഴുതിവയ്ക്കാനുള്ള ധൈര്യം താൽമുദിന്റെ കർത്താക്കന്മാർക്കുണ്ടായി.

കാരണം, അത്രമാത്രം പ്രധാനപ്പെട്ടതാണു മനുഷ്യജീവിതത്തിൽ ദാനധർമം എന്ന ബോധ്യം അവർക്കുണ്ടായിരുന്നു. ഇല്ലാത്തവർക്ക് നൽകാനുള്ള കടമ ഉള്ളവർക്കുണ്ടെന്ന് നമുക്കറിയാം. എന്നാൽ, നമുക്കുള്ളപ്പോൾ ഇല്ലാത്തവരെക്കുറിച്ച് നാം ഓർമിക്കാറില്ലെന്നുള്ളതാണ് വാസ്തവം.

എന്നാൽ, ഉള്ളവരിലാരെങ്കിലും ഇല്ലാത്തവരെ ഓർമിച്ച് എന്തെങ്കിലും ചെയ്താൽ അതു വലിയകാര്യം തന്നെ. അതുകൊണ്ടു കൂടിയായിരിക്കണം ദരിദ്രർക്കു ദാനധർമം ചെയ്യുന്നവൻ മോശയേക്കാൾ മഹാനാണ് എന്ന് താൽമുദിൽ എഴുതിയിരിക്കുന്നത്.

ജീവിതത്തിൽ മഹത്ത്വം നേടാൻ ആഗ്രഹിക്കുന്നവരാണു നാമെല്ലാവരും. ഈ ലക്ഷ്യസാധ്യത്തിനായി എന്തെല്ലാമാണ് നാം പലപ്പോഴും ചെയ്തുകൂട്ടുന്നത്! എന്നാൽ, മഹത്ത്വം നേടുവാനുള്ള എളുപ്പവഴി എന്താണെന്ന് നാം മറന്നുപോകുന്നു. അതുകൊണ്ടു തന്നെ മഹത്ത്വം നേടുക എന്ന നമ്മുടെ ലക്ഷ്യം നമുക്ക് അപ്രാപ്യമായി തുടരുന്നു.



## മൽക്കീസേദെക്കിന്റെ പൗരോഹിത്യം



പേജ് 5 തുടർച്ച

ചിന്തിച്ചു നോക്കൂ, ഈ ഭൂമിയിൽ ഏറ്റവും പ്രയോജനകരമായ ഒരു ജീവിതം അതുതന്നെ ആയിരിക്കും. "നന്മയും കരുണയും എന്റെ ജീവിതകാലമത്രയും എന്നെ പിന്തുടരും" എന്നു സങ്കീർത്തനക്കാരൻ പറയുന്നു. അതാണു ജീവന്റെ വഴി. എവിടെപ്പോയാലും നന്മയുടെയും കാരുണ്യത്തിന്റേതുമായ ഒന്ന് അവശേഷിപ്പിക്കുക.

അപ്പൊസ്തലപ്രവൃത്തി 10:38-ൽ യേശുവിന്റെ ജീവിതത്തെയും ശുശ്രൂഷയെയും കുറിച്ച് പത്രോസ് കൊർന്നല്യോസിനോടു ഒരു വാചകത്തിൽ ഇങ്ങനെ സംഗ്രഹിക്കുന്നു. നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടു കൂടെയിരുന്നതുകൊണ്ടു അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിക്കൊണ്ടു സഞ്ചരിച്ചതുമായ വിവരം നിങ്ങൾ തന്നെ അറിയുന്നുവല്ലോ."

പരിശുദ്ധാത്മാവിനാൽ യഥാർത്ഥമായി അഭിഷേകം ചെയ്യപ്പെടുമ്പോൾ സംഭവിക്കുന്നത് ഇതാണ്. നമ്മോടുകൂടെ ഇരിക്കയും നാം പോകുന്നിടത്തു ആളുകളെ സ്വതന്ത്രരാക്കയും ചെയ്യുന്നു. 18 വർഷമായി രക്തസ്രവം ബാധിച്ചിരുന്ന സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടപ്പോൾത്തന്നെ അവിടുന്ന് അതു തിരിച്ചറിഞ്ഞു.

അപ്രകാരം നമ്മെ കണ്ടുമുട്ടുന്നവരൊക്കെ ആത്മീയമായും ഭൗതികമായും അനുഗ്രഹിക്കപ്പെടാൻ വേണ്ടിയല്ലേ നാം വിളിക്കപ്പെട്ടിരിക്കുന്നത്?

നാമും മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം പുരോഹിതരാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.



## ഡയ്ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ നേതാക്കന്മാർ നടത്തുന്നത് ദൈവസേവനമോ സ്വയം സേവനമോ?

റീന ഫിലിപ്പ്, മേരിഗിരി, കനകകുന്ന്, കട്ടപ്പന

☹ ***സേവനമല്ല. സുഖജീവനം***

☺ മനുഷ്യൻ പുരോഗതിയുടെ പാതയിൽ മുന്നേറുമ്പോഴും കുറ്റവാളികളും കുറ്റകൃത്യങ്ങളും പെരുകയാണല്ലോ?

ഷാജി ഉമ്മൻ, കമലേശ്വരം, മണക്കാട്, തിരുവനന്തപുരം

☹ ***തിന്മയുടെ പാതയിൽ നന്മയേതുമില്ലാതെ തെറ്റുകളെ ശരിയാക്കിക്കൊണ്ടുള്ള പുരോഗതിയിൽ ഇതൊക്കെ പ്രതീക്ഷിച്ചാൽ മതി.***

☺ ഫേസ്ബുക്കിൽ പ്രതികരിച്ചാൽ എന്തു സംഭവിക്കും?

മോളമ്മ സത്യൻ, വേങ്ങൂർ, വാളകം, ആയൂർ

☹ ***മുഖപുസ്തകത്തിൽ പ്രതികരിക്കുന്നവരുടെ മുഖം അവർ വികൃതമാക്കും***

☺ പാപസംബന്ധമായി മരിച്ചവർ പിന്നെയും പാപം ചെയ്യുന്നതെന്തുകൊണ്ടാണ്?

പോൾ ചന്ദ്രൻ, കോടൻകര, മരിയപുരം, അമരവിള

☹ ***ഹിസ്റ്ററി ഡിലീറ്റ് ചെയ്താലും വൈറസ് അവിടെത്തന്നെ കാണും.***

☺ സത്യത്തിൽ ജനാധിപത്യത്തിൽ എന്താണ് സംഭവിക്കുന്നത്?

സാജൻ ഫിലിപ്പ്, പുലിമുട്ടം, കൊറ്റമ്പള്ളി, തിരുവനന്തപുരം

☹ ***ജനാധി പൈത്യം***

☺ ഒളിച്ചോട്ടം, പീഡനം, പ്രണയം എല്ലാറ്റിനും മറ്റു സംസ്ഥാനങ്ങളെ തള്ളി കേരളം മുന്നേറുകയാണല്ലോ?

പി.എം.യോഹന്നാൻ, തെങ്ങിൻകാവ്, മല്ലശ്ശേരി, പത്തനംതിട്ട

☹ ***അതെ കേരളം ഒന്നാം സ്ഥാനത്തേക്കുള്ള കുതിപ്പിലാണ്***

☺ ന്യൂജനറേഷൻ സഭകൾക്ക് സംഭവിച്ച അപചയം?

ഈപ്പൻ മത്തായി, കുഴിമറ്റം, കോട്ടയം

☹ ***പ്രസക്തമായതിനെ അവർ അപ്രസക്തമാക്കി***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516. Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally